Kandanad
Diocesan
BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 4 No. 5, 15 May 2016

എഡിറ്റോറിയൽ

# ഇത് നമ്മുടെ നിയോഗം

'നിന്റെ രാജ്യം വരണമേ' എന്ന് നാം എല്ലാ ദിവസവും പ്രാർത്ഥിക്കാറുണ്ട്. കർത്തൃപ്രാർത്ഥനയിലെ ഒരു വാക്യമാണ് ഇത്. തങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ട ശിഷ്യന്മാർക്ക് യേശു പറഞ്ഞുകൊടുത്തതാണല്ലോ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന സംബോധനയോടെ ആരംഭിക്കുന്ന പ്രാർത്ഥന. ദൈവ മുമ്പാകെ സമർപ്പിക്കുന്ന പ്രാർത്ഥനയായതിനാൽ 'നിന്റെ രാജ്യം' എന്നത് ദൈവത്തിന്റെ രാജ്യമാണെന്ന് മനസ്സിലാക്കാം. 'വരണമേ' എന്ന പ്രയോഗം ഈ രാജ്യത്തിലേക്ക് നാം ചെന്നു ചേരേണ്ടതല്ല; മറിച്ച് അത് നമുക്കിടയിൽ വന്നെത്തേണ്ടതാണെന്നു വ്യക്തമാകുന്നു. അതായത് ദൈവരാജ്യം ഈ ലോകത്തു തന്നെ സ്ഥാപിതമാക്കേണ്ടതാണ്. ദൈവ രാജ്യത്തിന് സമാനമായി സ്വർഗ്ഗരാജ്യമെന്നും വി. വേദപുസ്തകത്തിൽ പ്രയോഗിച്ചുകാണുന്നുണ്ട്.

എന്താണ് ദൈവരാജ്യം? വ്യക്തമായ അതിർത്തികളോടുകൂടിയ ഒരു ഭൂവിഭാഗമല്ലത്. അധികാരശ്രേണികളോടുകൂടിയ ഒരു ഭരണ സംവിധാനവും അതിനില്ല. സമൂഹത്തിലെ ഒരു അവസ്ഥാവിശേഷം മാത്രമാണത്. ദൈവരാജ്യം എപ്പോൾ നിലവിൽ വരുമെന്ന് പരീശന്മാർ ആരാഞ്ഞപ്പോൾ യേശുവിന്റെ മറുപടി "അത് നിങ്ങൾക്കിടയിൽ തന്നെയുണ്ട്" എന്നായിരുന്നു (വി. മത്തായി 17:20). എന്നാൽ പിന്നെ 'നിന്റെ രാജ്യം വരണമേ' എന്നു പ്രാർത്ഥിക്കുന്നതെന്തിനാണ്? മനുഷ്യർക്കിടയിൽ അങ്ങിങ്ങായി, പൊട്ടുംപൊടിയുമായി നിലവിലുള്ള ഈ ക്ഷേമാവസ്ഥ ലോകവ്യാപകമായിത്തീരണമെന്നതാണ് പ്രാർത്ഥനയുടെ പൊരുൾ.

എന്തെല്ലാമാണ് ദൈവരാജ്യത്തിന്റെ പ്രത്യേകതകൾ? സ്നേഹമാണ് അതിന്റെ അടിസ്ഥാനമൂല്യം, നീതി, സമാധാനം, സമത്വം, സന്തോഷം എന്നിവയെല്ലാം അതിന്റെ അനുബന്ധ സവിശേഷതകളാണ്. എല്ലാവരും സ്നേഹബദ്ധരാകയാൽ ദൈവരാജ്യത്തിൽ നിയമമോ, ഭരണമോ ആവശ്യമില്ല. പ്രജകളെല്ലാം തുല്യ അധികാരാവകാശങ്ങളോടു കൂടിയ ദൈവ മക്കൾ. ദൈവരാജ്യത്തിൽ ആരാണ് ഏറ്റവും വലിയവൻ എന്നു ശിഷ്യന്മാർ ചോദിച്ചപ്പോൾ യേശു ഒരു ശിശുവിനെഅടുക്കൽ വിളിച്ച് അവരുടെ മധ്യത്തിൽ നിർത്തി "നിങ്ങൾ മനം തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല" എന്നു പറഞ്ഞു. (വി. മത്തായി. 18:3) "നിങ്ങൾ വീണ്ടും ജനിക്കാതിരുന്നാൽ നിങ്ങൾക്ക് ദൈവരാജ്യത്തിൽ പ്രവേശനമില്ല" എന്ന് യേശു മറ്റൊരവസരത്തിൽ പ്രസ്താവിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ശിശുസഹജമായ നിഷ്ക്കളങ്കതയാണ് ദൈവരാജ്യ പ്രവേശനത്തിനുള്ള യോഗ്യത. അവിടെ ഉച്ചനീചത്വങ്ങളൊ അധികാരതലങ്ങളൊ ഒന്നുമില്ല. സേവനമാണ് ഓരോരുത്തന്റെയും ധർമ്മം. സേവിക്കുകയാണ്, സേവിക്കപ്പെടുകയല്ല അവിടത്തെ പ്രവർത്തനശൈലി. എല്ലാവരും സ്നേഹത്താൽ ബന്ധിതരാണ്. "ഞാൻ നിങ്ങളെ സ്നേഹിച്ച പ്രകാരം നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ" എന്നാണ് യേശുവിന്റെ ഉദ്ബോധനം. "......എന്നെ സ്നേഹിപ്പിൻ" എന്നല്ല. പല സമയത്ത് ജോലിക്കാരെ വിളിച്ചു ചേർക്കുന്ന ഉപമ ദൈവരാജ്യത്തിലെ സമത്വാവസ്ഥയുടെ സൂചനയാണ് തരുന്നത്.

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ഇത് നമ്മുടെ നിയോഗം** ............................... 1

**മതജീവിതത്തിൽ ലിംഗ വിവേചനത്തിന് നീതീകരണമില്ല** ............................................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വേണം നമുക്കൊരു തൊഴിൽ സംസ്ക്കാരം** ....... 5
അഡ്വ. ജോൺ വി. വർഗീസ്, വലിയകുളങ്ങര

**പരിചമുട്ടുകളിയിലെ സംസ്ക്കാര സമന്വയം** ................................ 7
ഡോ. സിബി കുര്യൻ

WOMEN IN REVELATION: A FEMINIST READING OF THE BOOK OF REVELATION..................................10
Nithya Mariam John

**ആധുനിക കുടുംബം സാമൂഹ്യ പശ്ചാത്തലത്തിൽ** .................... 13
ഫാ. തോമസ് വർഗീസ്, അമയിൽ

**വാർത്തകൾ, അറിയിപ്പുകൾ** ................... 16


ഈ ലോകത്ത് ദൈവരാജ്യം സ്ഥാപിക്കുകയാണ് സഭയുടെ ലക്ഷ്യം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സഭ തന്നെ ദൈവരാജ്യമായി പരിവർത്തനപ്പെടണം. ദൈവരാജ്യമൂല്യങ്ങൾ സഭയുടെയും മൂല്യങ്ങളായി മാറണം. ദൈവരാജ്യത്തിലെ അംഗങ്ങളുടെ യോഗ്യതകൾ തന്നെയാകണം സഭയിലേയും പ്രവേശനയോഗ്യതകൾ.

എന്നാൽ സഭ ഇന്ന് ഈ ലക്ഷ്യത്തിൽ നിന്ന് എത്രയോ അകലെയാണ്! ഏതുവിധേനയും ആസ്തിയും അംഗസംഖ്യയും കെട്ടുറപ്പും വർദ്ധിപ്പിച്ച് സമൂഹത്തിലും ഭരണകൂടത്തിലും അംഗീകാരവും ആധിപത്യവും, സ്ഥാപിക്കുവാനുള്ള ശ്രമമാണ് സഭ നടത്തുന്നത്. അധികാരസ്ഥാനങ്ങൾ എത്തിപ്പിടിക്കുവാനുള്ള മത്സരത്തിൽ സഭ നിരന്തരം വിഭജനവിധേയമാകുന്നു. സഭയിലെ ഉന്നതസ്ഥാനങ്ങൾ വരെ പണത്തിനു വിൽക്കുന്ന ദുരവസ്ഥ വന്നിരിക്കുന്നു. ആരാധനാലയങ്ങളുടെയും സഭാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയ്ക്കുവേണ്ടിയുള്ള വ്യവഹാരങ്ങളിൽ പരാജയപ്പെടുമ്പോൾ ഗുണ്ടായിസവും ഭീകരപ്രവർത്തനവും വഴി ക്രമസമാധാന നില തകർത്ത് കോടതിവിധികൾ നടപ്പാക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടാക്കുന്നു. വോട്ടുബാങ്കുകൾ സൃഷ്ടിച്ച് രാഷ്ട്രീയ വില പേശലിനു ശ്രമിക്കുന്നു. ആചാരാനുഷ്ഠാനങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും പ്രാമുഖ്യവും പ്രോത്സാഹനവും നൽകി സാധാരണ ജനത്തിന്റെ അജ്ഞതയെ ചൂഷണം ചെയ്ത് ധനസമാഹരണം നടത്തുകയും വിശ്വാസികളെ തമ്മിലടിപ്പിക്കുകയും ചെയ്യുന്നു. ഇതെല്ലാംവഴി സാമാന്യ ജനത്തിന് ഇന്ന് സഭയുടെ ലക്ഷ്യമൊ വിളിയൊ തിരിച്ചറിയാൻ കഴിയാതായിരിക്കുന്നു. ഈ നില മാറണം. എല്ലാ മനുഷ്യരും ഈശ്വര സന്താനങ്ങളാണെന്നും അവർ സ്നേഹത്തിലും ഐക്യത്തിലും കഴിഞ്ഞുകൂടി ദൈവരാജ്യ സ്ഥാപനത്തിൽ സർവ്വാത്മനാ പങ്കുചേരേണ്ടവരാണെന്നും അവരെ ബോധ്യപ്പെടുത്തണം.

ദൈവരാജ്യസ്ഥാപനം അനന്തമായ പ്രക്രിയയാണ്. മനുഷ്യരാശി മുഴുവൻ സ്നേഹബദ്ധരായി ദൈവമക്കളെന്ന നിലയിൽ കഴിയുമ്പോൾ മാത്രമേ, ആ ലക്ഷ്യം പൂർത്തീകരിക്കപ്പെടുകയുള്ളു. അതുവരെ 'നിന്റെ രാജ്യം വരണമേ' എന്ന് നമുക്ക് പ്രതീക്ഷയോടെ പ്രാർത്ഥിക്കാം, പ്രവർത്തിക്കാം. ദൈവരാജ്യ സ്ഥാപനത്തിൽ പങ്കുചേരുക നമ്മുടെ നിയോഗമാണെന്ന കാര്യം മറക്കരുത്.

### സ്ഥാനാരോഹണ വാർഷികം ആചരിച്ചു

കണ്ടനാട് (E) ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ 27-ാം സ്ഥാനാരോഹണ വാർഷികദിനമായ 2016 മെയ് 3-ാം തീയതി ചൊവ്വാഴ്ച അദ്ദേഹം മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

മെത്രാപ്പോലീത്തായുടെ കത്ത്

# മതജീവിതത്തിൽ ലിംഗ വിവേചനത്തിന് നീതീകരണമില്ല

ക്രിസ്തീയ സഭകൾ ഇന്നും ഏറ്റക്കുറച്ചിലുകളോടെ ആദ്ധ്യാത്മിക-മത രംഗങ്ങളിൽ പുരുഷ മേൽക്കോയ്മ നിലനിർത്തുന്നുണ്ട്. സ്ത്രീകൾക്ക് ആ മേഖലകളിൽ ഇടപെടൽ-പങ്കാളിത്ത സാധ്യതകൾ കാര്യമായി ഇല്ല എന്നുതന്നെ പറയാം. നവീകരണസഭകളിൽ വചന-കൗദാശിക നിർവ്വഹണരംഗത്തും കത്തോലിക്കാ സഭയിൽ ശുശ്രൂഷ-സേവനരംഗത്തും ഒരു വലിയ പരിധിവരെ സ്ത്രീ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ ഓർത്തഡോക്സ് സഭയിൽ എല്ലാരംഗങ്ങളും തന്നെ സ്ത്രീവിമുക്തമാകാൻ സഭാനേതൃത്വം ശ്രദ്ധിക്കുന്നു. ഇതിലും രൂക്ഷമായ സ്ത്രീവിവേചനം ഇസ്ലാമിക-ഹിന്ദു മതപാരമ്പര്യങ്ങളിൽ നിലനിൽക്കുന്നു. അതുകൊണ്ട് സമീപ കാലത്ത് കോടതികളിൽ ഈ വിഷയം സജീവമാവുകയാണ്. ജുഡീഷ്യൽ ഇടപെടലിലൂടെ കാര്യത്തിന് പരിഹാരം നേടുവാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

ഇസ്ലാമിക ദേവാലയങ്ങളിൽ സ്ത്രീകൾക്ക് ഇടവും ആരാധനാപങ്കാളിത്ത സൗകര്യവും സ്വാതന്ത്ര്യവും നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. കേരളത്തിലെ ശബരിമല, മഹാരാഷ്ട്രയിലെ ശനിക്ഷേത്രം മുതലായ തിരക്കേറിയ പല തീർത്ഥാടന കേന്ദ്രങ്ങളിലും അധികൃതർ നിർദ്ദേശിക്കുന്ന പ്രായപരിധിക്കുള്ളിൽ ഉള്ള സ്ത്രീകൾക്കു മാത്രമാണ് പ്രവേശനാനുമതി ഉള്ളത്. (അനുകൂലമായ കോടതിവിധിയെത്തുടർന്ന് മറാത്തി ആണ്ടുപിറവി ദിനമായ കഴിഞ്ഞ ഏപ്രിൽ 8ന് ചരിത്രത്തിൽ ആദ്യമായി തൃപ്തി ദേശായി എന്ന യുവതിയുടെ നേതൃത്വത്തിൽ ഒരു സംഘം വനിതാ പൊതുപ്രവർത്തകർ അഹമ്മദ്ബാദിനു സമീപമുള്ള ശിംഗ്നാപൂരിലെ ശനിക്ഷേത്രത്തിന്റെ ശ്രീകോവിലിൽ പ്രവേശിച്ച് ആരാധന നടത്തിയ കാര്യം അനുസ്മരിക്കുന്നു). ഇന്ത്യൻ ഭരണഘടന നൽകുന്ന തുല്യമായ അവകാശസ്വാതന്ത്ര്യങ്ങൾ മതവിഷയത്തിൽ നടപ്പിലാക്കുന്നതിൽ തടസ്സം നേരിടുന്നു. ഇതിന് പ്രായോഗികവും വേദവിജ്ഞാനീയവുമായ സാധൂകരണങ്ങൾക്കാണ് മതങ്ങൾ ശ്രമിക്കുന്നത്. ഈ ജനാധിപത്യ കാലഘട്ടത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ മതകാര്യങ്ങളിൽ ധ്വംസിക്കപ്പെടുന്നതിനെപ്പറ്റി നീതിന്യായ കോടതികൾ വിമർശനപരമായ നിരീക്ഷണങ്ങൾ നടത്തിക്കഴിഞ്ഞു. എന്നാൽ ഇതിനെപ്പറ്റിയുള്ള ഗൗരവപൂർവ്വവും വിശാല കാഴ്ചപ്പാടോടു കൂടിയതുമായ പ്രതികരണം മതനേതൃത്വങ്ങളിൽ നിന്ന് ഉണ്ടാകുന്നില്ല. നിലവിലിരിക്കുന്ന രീതികൾക്ക് സാധൂകരണം നൽകാനാണ് ശ്രമം. കൂടാതെ കോടതിയുടെ അഭിപ്രായ പ്രകടനങ്ങളോടും സഹിഷ്ണുത ഇല്ലാത്ത പ്രതികരണങ്ങളാണ് ഉണ്ടാകുന്നത്. ആത്മവിമർശനത്തിനും സ്വയപരിവർത്തനത്തിനും നീതിന്യായ കോടതിയുടെ കണ്ടെത്തലുകൾ ഉപയോഗപ്പെടുത്തുന്നില്ല. ആ സാഹചര്യത്തിൽ എല്ലാ മതങ്ങളിലും പെട്ട ഉല്പതിഷ്ണുക്കളുടേയും ചിന്താശേഷിയുള്ളവരുടേയും ഒരു ഒത്തുചേരലും കൂട്ടായ പ്രവർത്തനവും അഭികാമ്യമായിരിക്കും.

ഈ വിഷയം സംബന്ധിച്ച ചർച്ച ആരംഭിക്കുന്നതിനു മുമ്പുതന്നെ എന്തിനാണ് മതവും മതശാസനകളും എന്ന് പ്രാഥമികമായി ചിന്തിക്കേണ്ടതുണ്ട്. എല്ലാ മതപാരമ്പര്യങ്ങളുടേയും മൗലീക താല്പര്യം മനുഷ്യരെ ദൈവബന്ധത്തിൽ കൊണ്ടുവന്ന് സകല അടിമത്തങ്ങളിൽ നിന്നും മോചിപ്പിച്ച് അവരിൽ നീതിബോധവും പരസ്പര സ്നേഹവും സന്മാർഗ്ഗചിന്തയും വളർത്തി അർത്ഥവത്തായ ജീവിതത്തിലേക്കും നിത്യതയിലേക്കും നയിക്കുക എന്നതാണ്. ഇതിന് മതഗ്രന്ഥങ്ങളുടെ പഠനം, വചനപ്രഘോഷണങ്ങൾ, മതശാസനകളുടെ ശ്രവണം, ആരാധനാപങ്കാളിത്തം, അനുഷ്ഠാനരീതികളുടെ അഭ്യസനം എന്നിവയെല്ലാം ആവശ്യമാണ്. ഇവയൊക്കെ സാധ്യമാകുന്നത് പ്രാഥമികമായും ആരാധനാലയങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലുമാണ്. ഇവിടേക്കുള്ള പ്രവേശനം മതാംഗങ്ങൾ എന്ന നിലയിൽ സ്ത്രീകളുടെ അടിസ്ഥാന അവകാശമാണ്. കാരണം സ്ത്രീകൾ മതത്തിലെ അംഗങ്ങളെങ്കിൽ മതജീവിതവും ആത്മരക്ഷയും യാഥാർത്ഥ്യമാക്കുന്ന പ്രക്രിയയിൽ അവരെ ഒഴിവാക്കാനാവില്ല. സ്ത്രീകൾക്ക് ഈയവസരം നിഷേധിക്കുന്ന സമ്പ്രദായം മതത്തിന്റെ തന്നെ അടിസ്ഥാന താല്പര്യത്തേയും ലക്ഷ്യത്തേയും നിരാകരിക്കുന്നതാണ്. മനുഷ്യന്റെ വിമോചന-രക്ഷാപദ്ധതിയിൽ മതാംഗങ്ങളായ സ്ത്രീകളെ ഒഴിവാക്കുന്നത് അതിന്റെ അടിസ്ഥാന സ്വഭാവവുമായിത്തന്നെ പൊരുത്തപ്പെടുന്നില്ല. അതുകൊണ്ട് മതസമൂഹത്തിൽ പകുതിയിലധികം വരുന്ന സ്ത്രീകളെ മതജീവിതത്തിൽ നിന്നും രക്ഷാപ്രക്രിയയിൽ നിന്നും ആരാധനയിൽ നിന്നും മാറ്റിനിർത്തുന്നത് മതത്തിന്റെ മൗലീക സ്വഭാവ ലക്ഷ്യങ്ങൾക്ക് വിരുദ്ധവും ഒരുതരത്തിലും സാധൂകരണം അർഹിക്കാത്തതുമായ നിലപാടും നടപടിയുമാണ്.

'മനുഷ്യൻ' എന്നാൽ പുരുഷൻ മാത്രമാണ് എന്ന പുരുഷകേന്ദ്രീകൃത (Androcentric) ധാരണയാണ് ഈ സമീപനത്തിന് ആധാരം. മനുഷ്യൻ എന്നപദം സ്ത്രീയും പുരുഷനും ഉൾക്കൊള്ളുന്നതാണ്. അഥവാ മനുഷ്യൻ എന്ന ശബ്ദം കൊണ്ട് പുരുഷനേയും സ്ത്രീയേയും ഒപ്പം സൂചിപ്പിക്കുന്നു. ഈ തിരിച്ചറിവ് മതത്തിന്റെ അടിസ്ഥാന കാഴ്ചപ്പാടാണ്. എന്നാൽ രക്ഷയ്ക്കുള്ള അവസരവും രക്ഷാനുഭവ പ്രക്രിയയിൽ പങ്കാളികളാകാനുള്ള സാധ്യതയും പുരുഷന്മാർക്കു മാത്രം നൽകുന്നതിന് എന്ത്

നീതീകരണമാണ് മതങ്ങൾക്കു നൽകാനാവുക? ഈ കാര്യത്തിൽ സ്ത്രീകൾ വിവേചനം അനുഭവിക്കുന്നുവെങ്കിൽ അത് നടക്കുന്നിടത്തെല്ലാം തിരുത്തൽ ആവശ്യമാണ്. അതിനുവേണ്ട സമ്മർദ്ദങ്ങൾ സൃഷ്ടിക്കുവാൻ സ്ത്രീകൾക്ക് അവകാശവുമുണ്ട്. ഇത്തരം ന്യായരഹിത മേഖലകളിൽ നീതിന്യായ കോടതിക്കും ഭരണകൂടത്തിനും ഇടപെടാൻ സാധ്യതയും ബാധ്യതയും ഉണ്ട്. അടിസ്ഥാന നീതിയുടെ സ്ഥാപനത്തിനുവേണ്ടിയുള്ള നടപടികൾ പുറം ഇടപെടലുകളായി മതങ്ങൾക്ക് കാണാനാവില്ല. അടിസ്ഥാനനീതി എവിടെയെല്ലാം ജനത്തിനു നിഷേധിക്കപ്പെടുന്നോ, അവിടെയൊക്കെ നീതി നടപ്പിലാക്കാനുള്ള ഉത്തരവാദിത്തമാണ് കോടതി നിർവ്വഹിക്കുന്നത്.

മതങ്ങളുടെ ഉത്ഭവവും ചരിത്രവും പരിശോധിച്ചാൽ പുരുഷനേതൃത്വത്തിൽ നടന്നതാണ് എന്ന് വ്യക്തമാകും. പുരുഷന്മാരുടെ ദൈവദർശനം അവരുടെ ധാരണകൾക്കും ചിന്തകൾക്കും ഉള്ളിലാണ് രൂപപ്പെട്ടത്. അതുകൊണ്ട് ദൈവം പുരുഷനാണ്, ദൈവത്തിന്റെ പ്രതിനിധിയായ പുരോഹിതനും മതനടത്തിപ്പുകാരുമെല്ലാം പുരുഷന്മാരാണ്. സ്ത്രീകൾക്ക് മതത്തിൽ ഇടം ലഭിക്കുന്നില്ല. ഉണ്ടെങ്കിൽത്തന്നെ പുരുഷന്റെ സഹകാരികൾ എന്ന നിലയിൽ മാത്രം. ഇന്ത്യയിലെ പ്രത്യേക സാഹചര്യത്തിൽ സ്ത്രീകൾ മാത്രമല്ല, ദളിതർ, ഗോത്രവർഗ്ഗക്കാർ, മുതലായവരെല്ലാം മതജീവിതത്തിന് പുറത്താണ്. മതജീവിതത്തിലും മതചരിത്രത്തിലും ഇവരെല്ലാം അജ്ഞാതരാണ്. ഹീനജാതിക്കാരും സ്ത്രീകളുമെല്ലാം പുറത്തായപ്പോൾ സവർണ്ണ-പുരുഷകേന്ദ്രീകൃതമാണ് മതം എന്ന നിലവന്നു. സ്ത്രീകളുടേയും ദളിതരുടേയുമെല്ലാം സാന്നിധ്യം, സംഭാവന, ആദ്ധ്യാത്മീകത എന്നിവയൊക്കെ അവഗണിക്കപ്പെടുകയും നാമമാത്രമായ അവരുടെ സ്വാധീനങ്ങൾ തമസ്ക്കരിക്കപ്പെടുകയും ചെയ്തു എന്നത് നിരീക്ഷിക്കാവുന്ന സത്യമാണ്. ഇത്തരത്തിലുള്ള മതങ്ങളുടെ വേദശാസ്ത്രവും ധർമ്മശാസ്ത്രവും സ്ത്രീകൾക്ക് മതജീവിതത്തിൽ പ്രവേശിക്കാനുള്ള മാനദണ്ഡമാക്കിയാൽ എങ്ങനെ അവരുടെ അവകാശങ്ങൾക്ക് സാധൂകരണം കിട്ടും? പുരുഷരചിതമായ വേദങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ മതജീവിതത്തിനുള്ള അവകാശനിർണ്ണയത്തിന് ശ്രമിച്ചാൽ അവിടെ നീതിസംരക്ഷണം ഉണ്ടാവുകയില്ല, എന്നത് നിശ്ചയമാണല്ലോ.

മനുഷ്യൻ അടിസ്ഥാനപരമായി സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ടു എന്നതിൽ തർക്കിക്കേണ്ടതില്ല. അവരുടെ ശാരീരിക മാനസിക വ്യത്യാസങ്ങൾ, അവരുടെ ജീവിത ധർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് സഹായകമായ രീതിയിലാണ്. കൂട്ടുജീവിത വിജയത്തിനും വരുംതലമുറകളുടെ സൃഷ്ടിക്കും ആണ് ഈ വൈവിധ്യങ്ങൾ. വൈവിധ്യങ്ങളുടെ അടിസ്ഥാനത്തിൽ പുരുഷന് മേൽക്കോയ്മ അവകാശപ്പെടാനാവില്ല. അടിസ്ഥാന ധർമ്മങ്ങൾ നിർവ്വഹിച്ച് പാരസ്പര്യത്തിൽ കഴിയുവാനുള്ള സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. അവ ഒരിക്കലും ആധിപത്യത്തിനും ചൂഷണത്തിനും അവസരനിഷേധത്തിനും ആകാൻ പാടില്ലാത്തതാണ്. എന്നാൽ പുരുഷന്റെ കായികശക്തിയിലുള്ള മേൽക്കൈയുടെ അടിസ്ഥാനത്തിൽ മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവന്റെ ആധിപത്യശ്രമമാണ് നടന്നിട്ടുള്ളത്. ഗാർഹിക-മത-സാമൂഹ്യ-രാഷ്ട്രീയ മേഖലകളിലെല്ലാം പുരുഷന്മാർ ആധിപത്യം കയ്യടക്കി. എന്നാൽ ആധുനിക കാലത്ത് സ്ത്രീകൾക്കു ലഭിച്ച വിദ്യാഭ്യാസവും പ്രബുദ്ധതയും വഴി അവർ തൊഴിൽ-ഉല്പാദന-സേവന മേഖലകളിൽ തങ്ങളുടെ സാന്നിധ്യം പ്രകടമാക്കി. അതോടെ പുരുഷന്മാരുടെ മേൽക്കോയ്മ എല്ലാരംഗങ്ങളിലും കുറഞ്ഞുവരുന്നു.

ഈ സാഹചര്യത്തിൽ പുരുഷന്റെ ആധിപത്യം നിലനിർത്താൻ പറ്റിയ മേഖല മതം മാത്രമായി. അവിടത്തെ ശാസനകൾ ദൈവജന്യമാണല്ലോ. ക്രമീകരണങ്ങൾ ദൈവീകവുമാണ്. അവ വ്യത്യാസപ്പെടുത്തുവാനോ ചോദ്യം ചെയ്യുവാനോ മനുഷ്യന് അവകാശമില്ല. ഈ മറവിൽ മതത്തിലും അതിന്റെ പേരിൽ മറ്റുരംഗങ്ങളിലും ആവുംവിധം മേൽക്കോയ്മ നിലനിർത്തുവാനാണ് ഇപ്പോൾ ശ്രമം. ഇതിന്റെ പിറകിലുള്ളത് വളരെ ആസൂത്രിതമായ പ്രവർത്തനമാണ് എന്ന നിഗമനത്തിൽ എത്തേണ്ടിവരും. മനുസ്മൃതിയിൽ സ്ത്രീ അശുദ്ധയും അശുദ്ധമാക്കുന്നവളു (impure and polluting) മായിട്ടാണ് വിധിയെഴുതിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സ്വാമി സ്വരൂപാനന്ദ സരസ്വതി പറയുന്നത്, "Everyone should follow what the Sastras say...... Otherwise it would invite bad-luck for everyone..... Do not fight, but follow what Sastras say...... Dont put a why question to what is written in our Sastras." മതങ്ങളുടെ വേദഗ്രന്ഥങ്ങളിലെ ശാസനകളെ ചോദ്യം ചെയ്യാനാവുന്നതല്ല എന്ന അടിസ്ഥാനത്തിൽ മതജീവിതത്തിൽ നിന്നും സ്ത്രീകളെ പുറത്താക്കാനും അതിന്റെ പിൻബലത്തിൽ സകല മേഖലകളിലും പുരുഷാധിപത്യം നിലനിർത്താനുമാണ് ഇവിടെ ശ്രമം നടക്കുന്നതെന്ന വസ്തുത തിരിച്ചറിയേണ്ടതുണ്ട്. ഇത് ഹിന്ദുമതത്തിൽ മാത്രമല്ല നടക്കുന്നത്, ക്രൈസ്തവ, ഇസ്ലാം മതങ്ങളിലുമുണ്ട്. മനുഷ്യ വീഴ്ചയുടെ കുറ്റം ഹവ്വയിൽ ചുമത്തി സ്ത്രീയുടെ വിധേയത്വം ശാശ്വതമാക്കാനുള്ള ശ്രമവും ഇതോടു ചേർത്തു ചിന്തിക്കേണ്ടതാണ്. പുരുഷാധിപത്യ വ്യവസ്ഥ മിക്ക മേഖലകളിലും തകർച്ചയെ അഭിമുഖീകരിക്കുമ്പോൾ അത് നിലനിർത്താൻ സഹായകമായ ഏകരംഗം മതമേഖല മാത്രമായി പരിമിതപ്പെടുന്നു. അതുകൊണ്ട് ചോദ്യം ചെയ്യാൻ അവകാശമില്ലാത്ത ഈ ശാസ്ത്രത്തിന്റെ പിൻബലത്തിൽ ഉള്ള അവകാശങ്ങൾ മാറ്റിയെടുക്കണമെങ്കിൽ മതഗ്രന്ഥങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയ പഠനം പ്രോത്സാഹിപ്പിച്ചാൽ മാത്രമേ സാധ്യമാവൂ. മതജീവിതത്തിൽ ലിംഗവിവേചനം അവസാനിപ്പിക്കാൻ വിമർശനാത്മകമായ മതപഠനം അനിവാര്യമാണ്.

സസ്നേഹം

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത

ലേഖനം

# വേണം നമുക്കൊരു തൊഴിൽ സംസ്കാരം

അഡ്വ. ജോൺ വി. വർഗ്ഗീസ്, വലിയകുളങ്ങര

**ഭാ**രതത്തിലെ ഇതര പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തിയാൽ സാമൂഹ്യജീവിത നിലവാരം ഏറെ മെച്ചപ്പെട്ട സംസ്ഥാനമാണ് കേരളം. അതിൽ തന്നെ നമ്മുടെ പ്രദേശമുൾപ്പെടുന്ന മദ്ധ്യകേരളം ഏറെ മുന്നിലുമാണ്. ഭൂമിശാസ്ത്രപരവും, സാമൂഹ്യവും, വിദ്യാഭ്യാസപരവുമായ ഏറെ ഘടകങ്ങൾ അതിനുപിന്നിലുണ്ട്. നാനാജാതിമതസ്ഥർ ഇടതിങ്ങി പാർത്തതിലൂടെ സിദ്ധിച്ച സാംസ്കാരികമായ പങ്കുവയ്പുകളും അതിലൂടെ നേടിയ മതസഹിഷ്ണുതയുടെ പാഠങ്ങളും എല്ലാവിഭാഗത്തിലും എത്തിച്ച ഉത്പതിഷ്ണുതയുടെ സന്ദേശം എടുത്തുപറയേണ്ടതാണ്. പൂർവ്വസൂരികളുടെ നിസ്വാർത്ഥമായ കഠിനാദ്ധ്വാനവും ത്യാഗസന്നദ്ധതയും ആയതിനു നൽകിയ സംഭാവനകൾ ചെറുതല്ല.

കഴിഞ്ഞ നൂറ്റാണ്ടിലെ കേരളീയന്റെ ഏറ്റവും വലിയ വെല്ലുവിളി അഭ്യസ്തവിദ്യരുടെ (അവർ തുലോം ന്യൂനപക്ഷമായിട്ടുകൂടി) തൊഴിലില്ലായ്മ ഉയർത്തിയ സാമൂഹ്യസംഘർഷങ്ങൾ ആണ്. മദ്ധ്യപ്രായമെങ്കിലും എത്തിയവരുടെ മനസ്സിൽ അതി ന്റെ ഓർമ്മകൾ ഇന്നും ഉണ്ടാകണം. എന്നാൽ കഴിഞ്ഞ രണ്ടു ദശകങ്ങളിൽ വിവരസാങ്കേതിക രംഗത്തെ കുതിപ്പും, സേവന മേഖലകളിൽ വന്ന അവസരങ്ങളും, ആരോഗ്യപരിപാലന രംഗത്ത് ലോകമെങ്ങും ഉണ്ടായ പുതിയ അവബോധങ്ങളും മലയാളിയുടെ മുമ്പിൽ അവസരങ്ങളുടെ വാതിൽ മലർക്കെ തുറന്നിട്ടു. എന്നാൽ തൊഴിൽ രംഗത്തെ വിദേശവിപണിചുരുങ്ങിവരുന്നതും തൊഴിലില്ലായ്മ എന്ന പുതിയ ഭീഷണി നമ്മുടെ മുമ്പിൽ ഉയരുന്നതും അൽപം ദീർഘവീക്ഷണമുള്ള ആർക്കും കാണാൻ കഴിയും. യുവതയുടെ മുന്നിൽ ഒരു വെല്ലുവിളിയായിത്തന്നെ അതു നിലനിൽക്കുകയും ചെയ്യും. തൊഴിൽ ദാതാവ് എന്ന നിലയിൽ സർക്കാരിന്റേയും പൊതുമേഖലയുടേയും പങ്ക് കുറഞ്ഞുവരുന്നു. അതു ഇനിയും കുറയുകയേയുള്ളൂ എന്ന യാഥാർത്ഥ്യത്തിനു നേരെ കണ്ണടച്ച് തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ വിശ്വസിക്കുന്നവർ സ്വയം വിഡ്ഢികളാകുകയേ ഉള്ളൂ.

ഉന്നതകുലജാതനും ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവനുമായ സെന്റ് പോൾ, ജീവസന്ധാരണത്തിന് കൂടാരപ്പണി എന്ന കൈതൊഴിൽ കൂടി വശമാക്കിയിരുന്നു. ആ കാലഘട്ടത്തിൽ എവിടെയും തൊഴിൽ ലഭ്യമാക്കിയ പ്രത്യേക വൈദഗ്ധ്യം വേണ്ട കൈതൊഴിൽ. അതുകൊണ്ട് അഭിമാനത്തോടെ പറയാൻ പറ്റി "എന്റെ കഴിച്ചിലിന് ഞാൻ നിങ്ങളെ ബുദ്ധിമുട്ടിച്ചില്ല". നമുക്കോ പഠിപ്പുള്ള എത്രപേർക്ക് പറയാൻ പറ്റും എനിക്ക് ഈ തൊഴിലറിയാം എന്ന്. വേണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസത്തിന്റെ പാകപ്പിഴകളെക്കുറിച്ച് ഉപന്യസിക്കാം. പക്ഷെ വിദേശത്ത് വിദ്യാഭ്യാസം തേടിപോകുന്നവർ ആദ്യം അന്വേഷിക്കുന്നത് ആഴ്ചയിൽ എത്ര മണിക്കൂർ ജോലി ചെയ്യാൻ യൂണിവേഴ്സിറ്റി അനുവദിക്കും എന്ന ല്ലേ? ഈ നാട്ടിലോ? മാതാപിതാക്കളെ കറവപ്പശുക്കളാക്കി മാത്രം വിദ്യാഭ്യാ സം. അവസാനം സർട്ടിഫിക്കറ്റില്ലാതെ അഭ്യാസമൊന്നും കൈവശമില്ലാതെ തൊഴിൽ തേടി ഇറങ്ങുന്നവരുടെ നിസ്സഹായത. ഒരു വശത്ത് തൊ ഴിലില്ലാപട പെരുകുമ്പോൾ മറുവശത്ത് വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം. തൊഴിലില്ലായ്മ വേതനം പറ്റുന്ന ലക്ഷക്കണക്കിനാളുകളുള്ള നാട്ടിൽ ലക്ഷക്കണക്കായ അന്യസംസ്ഥാനക്കാർക്ക് തൊഴിൽ ലഭിക്കുന്നു. നാട്ടിൻപുറത്തെ സാധാരണ ചായക്കട മുതൽ നക്ഷത്രഹോട്ടലുകളിൽ വരെ ഇഷ്ടപ്പെട്ട ആഹാരം ചോദിച്ചു വാങ്ങിക്കഴിക്കണമെങ്കിൽ ഹിന്ദി പഠിക്കേണ്ട ഗതികേട്. ആരും നിർദ്ദേശിക്കാതെ ബസുകളുടെ ബോർഡിൽ ഹിന്ദിയും സ്ഥാനം പിടിച്ചു. നാടൻ കച്ചവടക്കാർ വരെ ഹിന്ദി പഠിച്ചു. അറബി മലയാളം പഠിച്ചില്ല. പക്ഷെ, മലയാളി അറബി പഠിച്ചു.

അതിജീവനത്തിനു വേണ്ടി ലോകമെങ്ങും എന്തു സാഹസവും ചെയ്യുന്ന മലയാളി സ്വന്തം നാട്ടിൽ കായികാദ്ധ്വാനത്തെ വില കുറച്ചുകണ്ടു. ബുദ്ധിപരമായ അദ്ധ്വാനത്തിനുവേണ്ട തലച്ചോർ ഉണ്ടോ എന്നു ചിന്തിക്കാതെ കിട്ടിയ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ പണ്ഡിതനെന്ന് ഞെളിഞ്ഞു. ഗ്രേഡിങ് കണ്ടിന്യൂയിംഗ് ഇവാല്യൂവേഷൻ എന്നൊക്കെ ഓമന പേരിട്ട് വിജയശതമാനം നൂറിനോടടുപ്പിച്ച് വിദ്യാഭ്യാസ വകുപ്പ് മേനി നടിച്ചു. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യൻ എന്ന മുദ്രകുത്തി സർക്കാരോ, ബോർഡോ, സർവ്വകലാശാലയോ നൽകുന്ന കടലാസു കൈവശപ്പെടുത്തിയവരുടെ നിലവാരത്തിനൊരു മിനിമം ഗ്യാരണ്ടികൊടുക്കാൻ അതിൽ ഒപ്പിട്ടിരിക്കുന്നവന് ബാധ്യതയില്ലേ? സത്യത്തിൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയരേണ്ടത് വിദ്യാർത്ഥിയുടെ ആവശ്യമല്ലേ? ആ തിരിച്ചറിവ് ആദ്യം ഉണ്ടാകേണ്ടത് യുവാക്കൾക്കാണ്. മുൻകാലങ്ങളിൽ മാതാപിതാക്കളുടെ തൊഴിലിൽ, അത് കാർപെന്ററി ആയാലും കാർഷികവൃത്തിയായാലും സ്വാഭാവികപരിശീലനം മക്കൾക്കും ലഭിച്ചു. ഇന്ന് അറിവിന്റെ ആ ധാരം വിലയിടിഞ്ഞ സർട്ടിഫി

ക്കറ്റുകൾ മാത്രമായി. ത്രിഭാഷാ പാഠ്യപദ്ധതിയിൽ പത്താം ക്ലാസിലെ സർട്ടിഫിക്കറ്റ് നേടിയവന് സ്വന്തം പേരും മേൽവിലാസവും അക്ഷരത്തെറ്റുകൂടാതെ ആ ഭാഷകളിൽ എഴുതാൻ കഴിയുന്നുണ്ടോ? ഒന്നു മുതൽ നൂറുവരെയും, തിരിച്ചും അക്കത്തിലും അക്ഷരത്തിലും തെറ്റുകൂടാതെ എഴുതുന്നതിനെങ്കിലും ഉള്ള ഗ്യാരണ്ടി വേണ്ടേ? അതാവശ്യപ്പെട്ടാൽ നൂറുശതമാനക്കാരിൽ പകുതിയെങ്കിലും സർട്ടിഫിക്കറ്റ് മടക്കി നൽകേണ്ടിവരും. എന്നിട്ടും എന്തേ അഭ്യസ്തവിദ്യന്റെ സർട്ടിഫിക്കറ്റ് നൽകി നമ്മുടെ യുവതയെ ഒന്നിനും കൊള്ളാത്തവരാക്കുന്നു എന്ന് ആരും ഉറക്കെ ചോദിക്കുന്നില്ല. സത്യം അറിയാവുന്നവരും സമൂഹത്തെ സ്വാധീനിക്കാൻ കഴിയുന്നവരും ഒക്കെ എന്തേ നിശബ്ദരാകുന്നു?

വിദ്യാർത്ഥി ജീവിതകാലത്ത് ഒരു സായാഹ്നത്തിൽ തെരുവിൽ പരിചയപ്പെട്ട രണ്ട് ജർമ്മൻ സഞ്ചാരികളെ ഓർമ്മവരുന്നു. മൂസയും സ്റ്റീവും. ഞങ്ങൾ താമസിച്ചിരുന്ന ലോഡ്ജിൽ അവർക്കൊരു ദിവസത്തെ സൗജന്യ താമസം ഒരുക്കി. രാത്രി വൈകിയും കയ്യിലെ ഒരു തടിയൻ പുസ്തകം പഠിക്കുന്ന അവരോടന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി എന്നെ അത്ഭുതപ്പെടുത്തി. (രണ്ടു കൂട്ടർക്കും ഇംഗ്ലീഷ്ജ്ഞാനം കമ്മിയായിരുന്നതുകൊണ്ട് യാതൊരു നാണക്കേടും കൂടാതെ ഞങ്ങൾ ഇംഗ്ലീഷിൽ തന്നെ സംസാരിച്ചു) ഒരാൾ അദ്ധ്യാപകനും മറ്റെയാൾ പോസ്റ്റൽ ക്ലാർക്കും. പക്ഷെ, ആ ജോലികൾ തുടർന്ന് 9 മാസം സമ്പാദിച്ചാൽ 3 മാസം ലോകം ചുറ്റാനേ കഴിയൂ. എന്നാൽ തിരികെചെന്ന് ഏറെ കായികാദ്ധ്വാനം ആവശ്യമുള്ള പാറമടയിലെ ജോലി ചെയ്താൽ 6 മാസം ജോലി 6 മാസം ലോകസഞ്ചാരം. അത്രയ്ക്കും സമ്പാദിക്കാം. പാറമടകളിൽ ഉപയോഗിക്കുന്ന യന്ത്രസംവിധാനങ്ങളെക്കുറിച്ചുള്ള അടിസ്ഥാന കാര്യങ്ങളാണ് അവർ പഠിച്ചുകൊണ്ടിരുന്നത്.

സാമൂഹ്യസുരക്ഷാ നിയമങ്ങളൊക്കെ കാര്യക്ഷമമായ ഒരു രാജ്യത്തെ പൗരന്മാരുടെ ജീവിതവീക്ഷണം നമുക്ക് പറ്റിയെന്നുവരില്ല. എന്നാൽ ഭാവിയിൽ കണ്ടെത്താൻ പോകുന്ന ജോലിക്കുള്ള മുന്നൊരുക്കങ്ങൾ നമുക്ക് മാതൃകയാക്കാമല്ലോ. വെള്ളക്കോളർ ജോലിക്ക് വളരെ കൂടുതൽ കായികാദ്ധ്വാനം വേണ്ട. ജോലിക്കുള്ള സന്നദ്ധത നമ്മൾ കണ്ടുപഠിക്കേണ്ടതല്ലേ? തൊഴിലിനെ സംബന്ധിച്ച അഭിമാനം (ദുരഭിമാനമോ) ഏതു തൊഴിലിലാണെങ്കിലും അതിൽ ആർജ്ജിച്ച വൈദഗ്ദ്ധ്യത്തിലാണ് എന്ന് നമ്മൾ മനസ്സിലാക്കേണ്ടേ? അതോ അതിസമർത്ഥരിൽ ഭാഗ്യശാലികൾ മാത്രം എത്തപ്പെടുന്ന വെള്ളക്കോളർ ജോലിയുടെ സ്വപ്നത്തിൽ ജീവിതം നശിപ്പിക്കേണ്ടതുണ്ടോ? ഇടുക്കിപദ്ധതിയുടെ പണിയാരംഭിച്ചപ്പോൾ, വൻ പ്രതിഫലം പറ്റുകയും ഉയർന്ന ശമ്പളത്തിൽ ജോലി ചെയ്യുകയും ചെയ്തിരുന്ന കനേഡിയൻ എഞ്ചിനീയർമാർ ബനിയനും ട്രൗസറും ബ്ലാക്ക് ഷൂസും ധരിച്ച് തൊഴിലാളികളോടൊപ്പം ജോലി ചെയ്ത് മാതൃക കാട്ടിയപ്പോൾ നമ്മുടെ നാടൻ എഞ്ചിനീയർമാർ നിർദ്ദേശം കൊടുത്ത് മാറി നിൽക്കുകയായിരുന്നു എന്നു കേട്ടിട്ടുണ്ട്. ജോലി ചെയ്ത് തൊഴിലാളികൾക്ക് കാണിച്ചുകൊടുക്കാൻ സായിപ്പ് ആവശ്യപ്പെട്ടപ്പോൾ നിസ്സഹായരായി എന്നും കേട്ടിട്ടുണ്ട്. ഏത് തൊഴിലിലും കൂടുതൽ കൂടുതൽ വൈദഗ്ദ്ധ്യം നേടുക എന്നൊരു ലക്ഷ്യവും അതിനുവേണ്ട പരിശ്രമവുമാണ് ഗുണമേന്മ വർദ്ധിപ്പിച്ചിരുന്ന ഘടകം. നൈസർഗ്ഗീക വാസന (പ്രതിഭ) യോട് കഠിനാദ്ധ്വാനവും ഭാവനയും, ഈശ്വരാനുഗ്രഹവും ഒത്തുചേരുമ്പോഴാണ് പൂർണ്ണത സിദ്ധിക്കുന്നത്. നിർഭാഗ്യവശാൽ ഒപ്പിച്ചു മാറുക എന്ന തന്ത്രമാണ് വിദ്യാഭ്യാസകാല പ്രോജക്ടുകൾ മുതൽ പരീക്ഷയിലെ മൂല്യനിർണ്ണത്തിൽ വരെ നമുക്ക് ശീലം.

കർമ്മശേഷിയുള്ള കുട്ടികളെ ചിന്താശീലരും യുക്തിബോധമുള്ളവരുമായി മാറ്റുന്ന പരിശീലനം, അതോടൊപ്പം ഏതു തൊഴിലും മഹത്തരമാണ് എന്ന ചിന്ത, അതാണ് സമൂഹത്തിൽ വേരോടേണ്ടത്. പാചകമായാലും ചെരുപ്പ് കുത്തുന്ന പണിയാണെങ്കിലും (തോമസ് ബാറ്റ ചെരുപ്പുകുത്തിയുടെ പണിയാണ് ചെയ്തിരുന്നത്) തയ്യൽ (സിനിമാതാരം ഇന്ദ്രൻസ് അഭിമാനത്തോടെ പറയും താനൊരു തുന്നൽക്കാരനാണെന്ന്) ആണെങ്കിലും വൈദഗ്ദ്യം ഉണ്ടോ, ഉയരാനുള്ള സാദ്ധ്യത വളരെയാണ്. നമുക്കറിയാം ചെറിയചെറിയ സേവനങ്ങൾപോലും ഇന്ന് എത്രവിലപ്പെട്ടതാണ് എന്ന്. ചോദിക്കുന്ന പ്രതിഫലം നൽകിയാലും സമയത്ത് ലഭ്യമല്ല എന്നും. മികച്ച രീതിയിൽ ജോലി ചെയ്യുന്നവർക്ക് സേവനമേഖലയായാലും മറ്റു തൊഴിൽ മേഖലകളായാലും അവസരങ്ങൾക്ക് കുറവില്ല. വൈദഗ്ദ്യം ഇല്ലെങ്കിൽ വ്യവസ്ഥിതിയെ കുറ്റപ്പെടുത്തി കാലം കഴിക്കാമെന്ന് മാത്രം. അറേബ്യൻ മണലാരണ്യത്തിൽ മാത്രമല്ല, ഉത്തരേന്ത്യൻ നഗരങ്ങളിലും മലയാളിയൊഴുക്കിയ വിയർപ്പിന്റെ വിലയാണ് നാമിന്ന് അനുഭവിക്കുന്ന സുഭിക്ഷത. ആ മൂലധനം മടങ്ങിപ്പോകാൻ തുടങ്ങി. ഓരോ മാസവും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലേക്ക് ബാങ്ക് വഴി മാത്രം ശതകോടികളാണ് പോകുന്നത്. 80 കളിലും 90 കളിലും ഗൾഫും, ശേഷം ഐ.റ്റി. മേഖലയും കേരളത്തിലുണ്ടാക്കിയ ഉണർവ്വ് ഇന്ന് പല ഉത്തരേന്ത്യൻ ഗ്രാമങ്ങളിലും അനുഭവിപ്പിക്കുന്നത് മലയാളനാട്ടിൽ നിന്നും എത്തുന്ന പണമാണ്. സഹ്യനിപ്പുറത്തും മലയാളിയുടെ ശേഷിയും കഠിനാദ്ധ്വാനവും വിളങ്ങിയാൽ മാത്രമേ ഈ നാടിന് ഭാവിയുള്ളൂ. ഉപരിപ്ലവമായ ചില ചിന്തകൾ മാത്രമാണ് പങ്കുവച്ചത്. പക്ഷെ, ആഴത്തിലുള്ള പഠനവും പരിഗണനയും ഈ വിഷയം അർഹിക്കുന്നു എന്നത് തീർച്ചയാണ്.

ലേഖനം

# പരിചമുട്ടുകളിയിലെ സംസ്കാര സമന്വയം

ഡോ. സിബി കുര്യൻ

വത്തുപന്ത്രണ്ടു പുരുഷന്മാർ വാളും പരിചയും കയ്യിലേന്തി കളരി വേഷങ്ങളണിഞ്ഞ് രംഗത്തു വന്ന് ആശാൻ ചൊല്ലിക്കൊടുക്കുന്ന പദങ്ങൾ ആവർത്തിച്ച് കളരിച്ചുവടുകൾ വച്ച് താളാത്മകമായി വെട്ടും തടയും നടത്തുന്ന ആയോധനപരമായ ഒരു കലാരൂപമാണ് പരിചമുട്ടുകളി. മധ്യകേരളത്തിലും തെക്കൻ കേരളത്തിലും പ്രചാരമുള്ള ഈ കലാരൂപം പരിചമുട്ടുകളി എന്ന പേരിലും അറിയപ്പെട്ടിരുന്നു. ചവിട്ടുനാടകം, മാർഗ്ഗംകളി എന്നിവ പോലെ ഒരുക്രൈസ്തവ കലാരൂപമായാണ് പരിചമുട്ടിക്കളിയെ പരിഗണിച്ചുപോരുന്നത്. എന്നാൽ കളരിപ്പയറ്റിന്റെയും പരിചക്കളിയുടെയും സ്വാധീനം പ്രകടമായി കാണുന്ന ഈ കലാരൂപത്തിൽ മതാതീതമായി നിലനിന്ന പ്രാചീന കേരളീയ സംസ്കാരത്തിന്റെ പ്രതിഫലനം കണ്ടെത്താൻ കഴിയും.

കേരളത്തിലെ വിവിധ സമുദായക്കാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന കലാരൂപമാണ് പരിചമുട്ടുകളി.. മധ്യകേരളത്തിലെ ദളിത് സമൂഹത്തിനിടയിലും വടക്കൻ കേരളത്തിലെ അരയസമുദായത്തിനിടയിലും ഈ കളി നിലനിന്നിരുന്നു. കൈയിലും കഴുത്തിലും ലോഹത്തകിടുകളും മാന്ത്രികചരടുകളും കെട്ടി, നെറ്റിയിൽ ചന്ദനക്കുറി തൊട്ട്, കളരിമുറക്കാരന്റെ വേഷത്തിലാണ് ഹൈന്ദവ പാരമ്പര്യത്തിലുള്ളവർ പരിചമുട്ട് അവതരിപ്പിക്കുന്നത്. പുരാണേതിഹാസകഥകൾ, ഈശ്വരസ്തുതികൾ, വീരനായക കീർത്തനങ്ങൾ തുടങ്ങിയവയാണ് ഹൈന്ദവ സമുദായക്കാരുടെ പരിചമുട്ടുകളിപ്പാട്ടുകളിലെ പ്രമേയങ്ങൾ. കളരിപ്പയറ്റിലും മെയ്യഭ്യാസത്തിലും പ്രാവീണ്യം നേടിയവരും കോൽക്കളിക്കാരുമായ മുസ്ലീം സമുദായാംഗങ്ങളും പരിചമുട്ടുകളി അവതരിപ്പിക്കാറുണ്ടായിരുന്നു. മുഹമ്മദുനബി, മറ്റുപ്രവാചകന്മാർ മുസ്ലീം പുണ്യസ്ഥലങ്ങൾ തുടങ്ങിയവയെ അധികരിച്ചുള്ള പാട്ടുകൾ പാടി കളിക്കുന്ന ഇവരുടെ കലാവതരണത്തിന് ക്രൈസ്തവ പാരമ്പര്യത്തിലുള്ള പരിചമുട്ടുകളിയോട് ഏറെ സാമ്യമുണ്ട്. ക്രൈസ്തവേതര സമുദായങ്ങൾ പരിചമുട്ടുകളി അവതരിപ്പിച്ചിരുന്നുവെങ്കിലും ഒരു ക്രൈസ്തവ കലാരൂപമായാണിന്ന് പരിചമുട്ടുകളി അറിയപ്പെടുന്നത്. ക്രൈസ്തവരുടെ പെരുന്നാൾ, കല്യാണം തുടങ്ങിയ വിശേഷാവസരങ്ങളിൽ മാർഗ്ഗംകളിയോടൊപ്പം പരിചമുട്ടുകളിയും പലയിടത്തും അവതരിപ്പിച്ചു പോരുന്നു.

**ചരിത്രപശ്ചാത്തലം**

ക്രിസ്തുവർഷാരംഭം മുതൽക്കേ കേരളത്തിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ക്രിസ്തുശിഷ്യരിൽ ഒരുവനായിരുന്ന മാർത്തോമ്മാ കേരളത്തിൽവന്ന് വേദപ്രചാരണം നടത്തിയെന്നും അനേകരെ ക്രിസ്ത്യാനികളാക്കിയെന്നുമാണ് പരമ്പരാഗത വിശ്വാസം. ഈഐതിഹ്യത്തെപ്പറ്റി തർക്കവിതർക്കങ്ങളുണ്ടെങ്കിലും പ്രാചീന കാലം മുതൽക്കെ ക്രിസ്തുവിശ്വാസം കേരളത്തിൽ നിലനിന്നിരുന്നു എന്ന വസ്തുത പൊതുവേ സ്വീകാര്യമാണ്. നസ്രാണികൾ എന്നറിയപ്പെട്ടിരുന്ന പ്രാചീന ക്രിസ്ത്യാനികൾ തദ്ദേശീയരിൽ നിന്ന് ഏറെ വ്യത്യസ്തരായിരുന്നില്ല. ജനനമരണ വിവാഹാദി അവസരങ്ങളിൽ പ്രായേണ ഒരേതരം ആചാരങ്ങൾ തന്നെയാണ് ഇരുകൂട്ടരും പിന്തുടർന്നിരുന്നത്. പിള്ളയൂട്ട്, താലികെട്ട്, പെലകുളി ഇത്യാദി അനേകം ഹൈന്ദവാചാരങ്ങൾ അടുത്തകാലം വരെ നസ്രാണികൾ അനുഷ്ഠിച്ചുപോന്നിരുന്നു. ആചാരാനുഷ്ഠാനങ്ങളിലെന്നപോലെ കലാരൂപങ്ങളുടെ അവതരണത്തിലും ഈ സമന്വയം പ്രകടമായിരുന്നു. കേരളീയ കലാരൂപങ്ങളിൽ പൊതുവായി കാണുന്ന കേരളീയ സംസ്കാരഘടകങ്ങൾ ഒട്ടും കുറവില്ലാത്ത രീതിയിൽ തന്നെ പരിചമുട്ടുകളിയിലും കാണാവുന്നതാണ്.

1948-ൽ പോർട്ടുഗീസുകാരായ വാസ്കോഡഗാമ കേരളത്തിൽ വന്നു. കച്ചവടത്തിനായി എത്തിയ വിദേശികൾ ക്രമേണ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ സ്വാധീനം ചെലുത്താൻ തുടങ്ങി. ഇത് മതപരമായ മേഖലയിലും പ്രകടമായി. കേരളത്തിൽ ഉണ്ടായിരുന്ന ക്രൈസ്തവ വിശ്വാസികളെ അംഗീകരിക്കാൻ ലത്തീൻ വിശ്വാസികളായ പോർട്ടുഗീസുകാർ തയ്യാറായില്ല.ക്രിസ്തു വിശ്വാസവും ഹൈന്ദവാചാരങ്ങളും പിന്തുടർന്നുപോന്ന ജനതയെ തങ്ങളുടെ രീതിക്കനുസൃതമായി നവീകരിക്കുന്നതിന്റെ ഭാഗമായി 1599-ൽ നടത്തപ്പെട്ട ഉദയംപേരൂർ സൂനഹദോസ് കേരളക്രൈസ്തവ സമൂഹത്തിന്റെ സമൂലപരിവർത്തനത്തിന് കളമൊരുക്കി. ഈ ഘട്ടത്തിൽ ആയിരിക്കാം ഹൈന്ദവഭിന്നമായി ചവിട്ടുനാടകം, മാർഗ്ഗംകളി, പരിചമുട്ടുകളി തുടങ്ങിയ കലാരൂപങ്ങൾ വികസിതമായത്. എഴുത്തച്ഛന്റെയും പൂന്താനത്തിന്റെയും കൃതികളെ അനുകരിച്ച് ക്രൈസ്തവേതിവൃത്തങ്ങളെ പുരസ്കരിച്ച് അർണ്ണോസ് പാതിരി കിളിപ്പാട്ടും പാനയും എഴുതിയതുപോലെ ഹൈന്ദവ കലാരൂപങ്ങളുടെ വിവിധാംശങ്ങൾ സ്വാംശീകരിച്ച് രൂപപ്പെടുത്തിയവയാണ് ക്രൈസ്തവകലാരൂപങ്ങൾ. ഹൈന്ദവ കലാരൂപങ്ങളിൽ നിന്ന് ഇവമുഖ്യമായും ഭിന്നമായിരി

ക്കുന്നത് ഇതിവൃത്തത്തെ സംബന്ധിച്ചു മാത്രമാണ്. ബൈബിൾ കഥകളും പുണ്യവാന്മാരുടെ ചരിത്രങ്ങളുമാണ് ക്രൈസ്തവ കലാരൂപങ്ങളുടെ ഇതിവൃത്തങ്ങൾ.

പഴയകാലത്ത് നസ്രാണികൾ ഇതരവിഭാഗക്കാരെപ്പോലെ കളരികളിൽ കച്ചകെട്ടി ആയോധനമുറ ആയുധാഭ്യാസം പരിശീലിപ്പിച്ചിരന്നു, നസ്രാണികളുടെ ആയുധപാടവം നിമിത്തമാണ് പല നാടുവാഴികളും അവരെ ഭയപ്പെടാനും സ്നേഹിപ്പാനും ഇടയായത്. കൊച്ചിരാജാവിന്റെ സൈന്യസമൂഹത്തിൽ ഒരു കാലത്ത് നസ്രാണികൾ വളരെയുണ്ടായിരുന്നു. കളരിപരിശീലനം സിദ്ധിച്ച ക്രൈസ്തവർ ഒഴിവുസമയങ്ങളിൽ തങ്ങൾക്കു പരിചിതമായിരുന്ന കലാരൂപങ്ങളുടെ ചുവടുറപ്പിച്ച് ചിട്ടപ്പെടുത്തിയതാവാം പരിചമുട്ടുകളി,. അതുകൊണ്ടു തന്നെ പരിചമുട്ടുകളിയെ ക്രൈസ്തവ കലാരൂപമെന്ന നിലയിൽ ഇതര കേരളീയ കലാരൂപങ്ങളിൽനിന്നു വേറിട്ടു നിർത്താൻ കഴിയില്ല.

പ്രാചീന മാർഗ്ഗംകളിയോട് പരിചമുട്ടുകളിക്ക് ഏറെ സാമ്യമുണ്ട്. മാർഗ്ഗംകളിയുടെ ഒന്നാംഭാഗം പാട്ടുപാടിക്കൊണ്ടുള്ള സമൂഹനൃത്തവും രണ്ടാംഭാഗം ആയോധനപരമായ പരിചമുട്ടുകളിയുമാണ്. യാക്കോബായ, മാർത്തോമാ, ലത്തീൻ എന്നിങ്ങനെയുള്ള ക്രൈസ്തവ സമൂഹത്തിലെ എല്ലാവിഭാഗക്കാരും പരിചമുട്ടുകളിയിൽ ഏർപ്പെട്ടിരുന്നു. കേരളത്തിലെ ദളിത് വിഭാഗങ്ങൾ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവരും പരിചമുട്ടുകളിയിൽ പ്രാവീണ്യം നേടി. അതോടെ പുലയരുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന കോൽക്കളി, വട്ടക്കളി, പരിചകളി തുടങ്ങിയ കലാരൂപങ്ങളുടെ സ്വാധീനം പരിചമുട്ടുകളിയിൽ പ്രബലമായി. ഇങ്ങനെ വ്യത്യസ്ത കലാരൂപങ്ങളുടെ സമന്വയമായ പരിചമുട്ടുകളിയെ കേരളീയ സംസ്കാര പ്രതീകമെന്ന നിലയിൽവേണം വിലയിരുത്താൻ.

**ചടങ്ങുകൾ**

കളരിപ്പയറ്റിൽ നിന്ന സ്വീകരിച്ചിട്ടുള്ള പല ചടങ്ങുകളും ചെറിയ മാറ്റത്തോടെയാണെങ്കിലും പരിചമുട്ടുകളിയിൽ നിലനിർത്തിപ്പോരുന്നുണ്ട്. സമുദായം, ദേശം എന്നിവയ്ക്ക് അനുസൃതമായി ഈ ചടങ്ങുകളിൽ വ്യത്യാസങ്ങൾ പ്രകടമാണെങ്കിലും പരിചമുട്ടുകളിയിൽ പൊതുവെ കാണപ്പെടുന്ന ചടങ്ങുകൾ താഴെപ്പറയുന്നവയാണ്.

**നിലവിളക്ക് കത്തിക്കൽ** : കളി ആരംഭിക്കുന്നതിനുമുമ്പ് ഈശ്വര സാന്നിധ്യത്തിന്റെ പ്രതീകമായി കളിത്തട്ടിനു നടുവിലൽ നിലവിളക്ക് കത്തിച്ചു വയ്ക്കുന്നു. പന്ത്രണ്ടു ശിഷ്യന്മാരുടെ സൂചനയായി പന്ത്രണ്ടു തിരിയിട്ട വിളക്കാണ് ക്രിസ്തീയ പാരമ്പര്യത്തിൽ കത്തിച്ചുവയ്ക്കുന്നത്. ഈ വിളക്കിനു ചുറ്റുമാണ് കളി നടക്കുന്നത്.

**കളിത്തട്ടുവന്ദനം:** വിളക്കും കളിത്തറയും വണങ്ങിയാണ് കളി ആരംഭിക്കുന്നത്. കളരി പാരമ്പര്യത്തിലെ കളരിത്തറ വന്ദനത്തിന് സമാനമായ ചടങ്ങാണിത്.

**ഗുരുവന്ദനം:** ഈ ചടങ്ങും കളരി പാരമ്പര്യത്തിൽ നിന്ന് സ്വാംശീകരിച്ചതാണ്. പരിചമുട്ടുകളിയിൽ കളരിക്കാർ പ്രാരംഭത്തിൽ ഗുരുവിനെ പാടിസ്തുതിച്ച് വന്ദിക്കുന്നു. ഇതിനനുയോജ്യമായ ചുവടുകളും താളവുമാണ് ഈ സന്ദർഭത്തിൽ കളിക്കാർ സ്വീകരിക്കുന്നത്. ഈ ചടങ്ങിന്റെ ഭാഗമായി ആശാന് ഗുരുദക്ഷിണ കൊടുക്കുന്ന രീതിയും ചില പ്രദേശങ്ങളിൽ നിലവിലുണ്ട്. തുടർന്ന് വാളും പരിചയും വണങ്ങി ഗുരുവിൽ നിന്ന് സ്വീകരിക്കുന്നു. ഇപ്പോൾ പലയിടത്തും നിലത്തു വച്ചിരിക്കുന്ന വാളും പരിചയും ഭക്തിപൂർവ്വം എടുക്കുക മാത്രമേ ചെയ്യാറുള്ളു.

**വന്ദനാഗാനം:** ഗുരുക്കൻമാരെയും ഈശ്വരനെയും കീർത്തിക്കുന്ന പ്രാർത്ഥനാഗാനത്തോടെയാണ് പരിചമുട്ടുകളി ആരംഭിക്കുന്നത്. ഇക്കാര്യത്തിൽ ഇതരകേരളീയ രംഗകലകളുടെ പാരമ്പര്യം തന്നെയാണ് പരിചമുട്ടുകളിയും പിന്തുടരുന്നത്.

**പരിചമുട്ടുകളി അവതരണം :** വന്ദനഗാനത്തിനു ശേഷം ആശാൻ ചൊല്ലിത്തരുന്ന പാട്ടുകൾ ഏറ്റുപാടിക്കൊണ്ട് കളിക്കാർ വിവിധ താളങ്ങൾക്കനുസരിച്ച് നൃത്തം ചവിട്ടിക്കളിക്കുന്നു. പതിഞ്ഞ താളത്തിൽ ആരംഭിക്കുന്ന കളി ക്രമേണ ദ്രുത താളത്തിലാകുന്നു. കളിയിൽ ഏറെയും ഉപയോഗിക്കുന്നത് കളരിച്ചുവടുകൾ തന്നെയാണ്.

**വേഷഭൂഷാദികൾ**

കളരിവേഷം തന്നെയാണ് പരിചമുട്ടുകളിയിൽ സാധാരണ ഉപയോഗക്കാറുള്ളത്. എന്നാൽ സമുദായ, പ്രാദേശിക ഭേദങ്ങൾ വേഷത്തിലും പ്രകടമാണ്. കോട്ടയം ജില്ലയിലെ സുറിയാനി ക്രിസ്ത്യാനികൾ വെള്ളമുണ്ടുടുത്ത്, തലയിൽ വെള്ളത്തോർത്തു കെട്ടുകമാത്രമേ ചെയ്തിരുന്നുള്ളു. ആലപ്പുഴ ജില്ലയിലെ ലത്തീൻ ക്രിസ്ത്യാനികളുടെ വേഷം രാജഭടൻമാരുടെ വേഷത്തിന് സദൃശ്യമായിരുന്നു. എന്നാലിന്ന് കോടിമുണ്ട് തറ്റുടുത്ത്, ചുവന്ന ചേല അരയ്ക്കു കെട്ടി, തലയിൽചുവന്ന കച്ചകെട്ടി, കയ്യിൽ തൊങ്ങലണിഞ്ഞ്, കഴുത്തിൽ മാല/കുരിശ് എന്നിവ അണിഞ്ഞ് കയ്യിൽ വാളും പരിചയും പിടിച്ചാണ് പരിചമുട്ടുകലാകാരൻമാർ രംഗത്തു വരുന്നത്. പരിചമുട്ടുകളിയിൽ ഇന്നുപയോഗിക്കുന്ന വേഷം വടക്കൻപാട്ടുകളിലെ വീരനായകന്മാരെ അനുസ്മരിപ്പിക്കും വിധമാണ്.

**പാട്ടും സംഗീതവും**

പരിചമുട്ടുകളിയിലെ പ്രധാനപ്പെട്ട ഒരംശമാണ് അതിലെ പാട്ടുകൾ. ആശാൻ ചൊല്ലിക്കൊടുക്കുന്ന പാട്ടുകൾ ഏറ്റുചൊല്ലിയാണ് കളിക്കാർ. പരിചമുട്ടുകളി നടത്തുന്നത്. കളിയിൽ ഉപയോഗിക്കുന്ന പാട്ടുകൾ സമുദായം, ദേശം എന്നിവയുടെ തനിമയും സ്വത്വവും പ്രകടമാക്കുന്നവയാണ്. സമൂഹത്തിന്റെ സംസ്കാരം, ചരിത്രം, ജീവിതവീക്ഷണം തുടങ്ങിയവ പരിചമുട്ടുകളി

പ്പാട്ടുകൾ അഭിവ്യഞ്ജിക്കുന്നു. പാട്ടുകളുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഇവയെ മതപരം, സാമൂഹികം എന്ന് വേർതിരിക്കാം.അതിൽ തന്നെ പള്ളിപ്പാട്ടുകൾ പ്രാർത്ഥനാപ്പാട്ടുകൾ, കൂത്തുപാട്ടുകൾ, വിനോദപ്പാട്ടുകൾ എന്നിങ്ങനെ നിരവധി ഉപവിഭാഗങ്ങൾ ദൃശ്യമാണ്. അജ്ഞാത കർതൃകങ്ങളായ ഈ പാട്ടുകളുടെ ഉള്ളടക്കത്തിലും താളത്തിലും കാലാനുസൃതമായ ഈ പരിഷ്കാരങ്ങൾ സംഭവിക്കാറുണ്ട്. മനസ്സിലുറച്ച താളത്തിനനുസരിച്ച് പാട്ടുകാർ കാലിക വിഷയങ്ങളെ പാട്ടിൽ സന്നിവേശിപ്പിക്കാറുണ്ട്.

ഇറ്റലിക്കാർ തൻ ബോംബുവിമാനം
പറ്റമായി പറന്നു-
കൂട്ടക്കൊല ചെയ്യുവാനായി
ബോംബുവർഷിച്ചു നാടുമുടി-
ച്ചിടുന്നേ - തത്തിന്തകം
ഹേതുവില്ലാതെ വീടുകളാകെ
ചുട്ടുതകർത്തീടുന്നേ
കഷ്ടമേറ്റം - ബാലകന്മാരും വൃദ്ധ
രായോരും മൃത്യുഗേഹം ഗമിച്ചേ-
തത്തിന്താം.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരത ചിത്രീകരിക്കുന്ന ഈ പാട്ട് കാലാനുസൃതമായി രൂപപ്പെട്ടതാണെന്ന് പറയേണ്ടതില്ലല്ലോ.

താളത്തിലും ഈണത്തിലും കളിക്കാർക്ക് പാടിക്കളിക്കാൻ കഴിയുന്ന രീതിയിലാണ് പരിചമുട്ടുകളിയിലെ പാട്ടുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. പതിഞ്ഞ താളത്തിൽ ആരംഭിച്ച് കാഴ്ചക്കാരെ ആവേശത്തിലാറാടിച്ചുകൊണ്ട് ക്രമേണ ദ്രുതാതാളത്തിലാകുന്ന വിധമാണ് പാട്ടുകളുടെ ക്രമീകരണം. കളിയുടെ വേഗത നിയന്ത്രിക്കുന്നതിനും പുതിയ പദങ്ങൾ ഓർക്കുന്നതിനും സഹായകമായ രീതിയിൽ ഉചിതമായ വായ്ത്താരികളും പാട്ടിൽ ഉപയോഗിക്കാറുണ്ട്. പാട്ടിനുകൊഴുപ്പേകുന്നതിനായി കൈമണി, ചിലങ്ക, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ പരിചമുട്ടുകളിക്ക് ഉപയോഗിക്കുന്നു.

സ്കൂൾ യുവജനോത്സവത്തിൽ ആവേശം വിതറുന്ന ഒരു മത്സരയിനമായി മാറിയതോടെ പരിചമുട്ടുകളിക്ക് ഇന്നേറെ മാറ്റങ്ങൾ സംഭവിച്ചു. കളിക്കാരുടെ എണ്ണം പന്ത്രണ്ടിൽ നിന്ന് ഏഴായി. മത്സരക്കളിയുടെ സമയം പത്തുമിനിറ്റായി നിജപ്പെടുത്തിയതോടെ ചടങ്ങുകളിൽ മാറ്റം വന്നു. കുറഞ്ഞ സമയത്തിലുള്ള വൈവിധ്യമുള്ള ചുവടുകൾ അവതരിപ്പിക്കാനാണ് കളിക്കാർ ശ്രമിക്കുന്നത്. മത്സരക്കളിയിൽ കൈമണി മാത്രമേ വാദ്യമായി ഉപയോഗിക്കാറുള്ളു. കാലാനുസൃതമായ പരിഷ്ക്കാരങ്ങൾക്ക് വിധേയമായെങ്കിലും ഒരു സമുദായത്തിന്റെ സംസ്കാരപ്രതീകവും സ്വത്വാവിഷ്കാരവുമെന്ന നിലയിൽ പരിചമുട്ടുകളിക്ക് കേരളീയ രംഗകലാപാരമ്പര്യത്തിൽ അഭിമാനാർഹമായ സ്ഥാനമുണ്ട്.

ചടങ്ങുകൾ വേഷം, സംഗീതം എന്നിങ്ങനെ ഓരോ അംശത്തിലും കേരളത്തിന്റെ തനതു പാരമ്പര്യമാണ് പരിചമുട്ടുകളി അഭിവ്യഞ്ജിപ്പിക്കുന്നത്. ക്രിസ്തുമതവിശ്വാസികൾ ആവേശപൂർവ്വം ഈ കലാരൂപം ഇന്നും അവതരിപ്പിക്കുന്നു എന്ന വസ്തുത ഇനിയും അറ്റുപോകാത്ത അവരുടെ പാരമ്പര്യധാരകളെയാണ് സൂചിപ്പിക്കുന്നത്. ഓരോജനതയും കാലമെത്രകഴിഞ്ഞാലും അവരുടെ തനതു പാരമ്പര്യം കാത്തുസൂക്ഷിക്കുക തന്നെ ചെയ്യും. വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും ഏറെ മാറിയെങ്കിലും തനികേരളീയരായി നിലകൊള്ളുന്ന ഒരു ജവിഭാഗത്തെയാണ് പരിചമുട്ടുകളിയെന്ന ദൃശ്യകലാരൂപം പ്രതിനിധാനം ചെയ്യുന്നത്. അതിനാൽ ജാതിമത ചിന്തകൾക്ക് അതീതമായി നിലകൊള്ളുന്ന കേരളീയ സംസ്കാരത്തെ കാത്തുസൂക്ഷിക്കുന്ന ഈടുവയ്പുകളെന്ന നിലയിൽ വേണം പരിചമുട്ടുപോലുള്ള കലാരൂപങ്ങളെ പരിഗണിക്കേണ്ടത്.


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

Articles

# WOMEN IN REVELATION: A FEMINIST READING OF THE BOOK OF REVELATION

**Nithya Mariam John**

The Book of Revelation, the last of all books in Bible, was written in the context of persecution of the Christian community in the first century. Christianity was in its beginning stage, and the community was looked upon with suspicion by the Roman imperial power. Many of the ceremonies of the conniunity were looked upon with dire distrust by the Roman authorities. Diarmaid Mac Culloch in his *'A History of Christianity'* says, "There arose reports of incest from their talk of love-feasts, of cannibalism from the language of eating and drinking body and blood [of Christ] ... the Roman authorities, paranoid about any secret associations, sought to supress troublemakers who wasted taxpayers' money by provoking disturbances of the peace" (159). The preaching by Christians often provoked wrath from the Jews who could not accept that Jesus was the Messiah. This often led to open squirmishes and provoked violence from the angry Jews. John, the Christian disciple and writer, tries to justify the imminent divine judgement on the Roman imperial forces which deny freedom to practise the Christian faith. In Mac Culloch's words, "from time to time, the Christians faced mob harassment and official persecution, which in the worst cases ended in public executions preceded by prolonged torture and ritual humiliation, the victims stripped naked in front of a gleeful crowd in sporting arenas" (161). John W. Marshall in "Gender and Empire" says that it is through domination, exploitation and an ideology of natural domination that the Empire tried to rule (20). The result was violence upon the minority community. It is in the context of violence, death and bloodshed that the Book of Revelation tries to answer the question posed by the slained Christian souls, imaginatively protrayed in Rev.6. 10-11, as to how long they should wait for the divine judgement on those who shed their blood.

The reading becomes problematic when considered in the wider context of the sexualised images used. Marshall says, "Sexualised violence against women is one of John's primary modes of depicting God's judgement"(19). The female symbols are projected so as to criticise the colonial rule of the Roman power. The images characterise the ideology of patriarchal society. Vander Stichele in her "Remembering the Whore" opines that gender-biased symbols are expressions of realities in society. She quotes Exum that it shapes "perceptions of reality and of gender relations for men and women" (116). The symbols in one way or the other emulates the representation of women in culture and society. A woman for John is either good or bad, angel or witch, active/passive, pure/impure and most of all a woman who is either protected or codemned by God.

The options for womanhood are restricted by the writer as he proceeds justifying ways of God to men. Whether as good wives or tempting whores, the female characters are representatives of ideals formulated by and on behalf of males in a discourse written primarily by and for men.

The paper aims at an analysis of the female images in Revelation, and the politics behind the same. There are not many women images in the text. The deviant woman leader, Jezebel is named in particular (Rev.2.20). In Rev. 12, we have a mother, "a woman clothed with the sun". In Rev. 17-19 we get the picture of a whore, "the mother of harlots". The final representation of woman is in chapter 21 as the Lamb's bride. The above images are all symbols representing one or the other physical or mental realities during the times of John. The Book of Revelation is often a text which creates an alternative symbolic universe of alternative identities, well constructed by the imagination of the writer. Revelation is not a text about women, but uses women figuratively to put across certain ideas.

The images of Mother, Bride and Whore, which are the major female figures in the text are stereotypical representations of women. The mother image in Rev. 12 shows a woman clothed with the sun, with the moon under her feet and wearing a crown of twelve stars. She is pregnant and cries out in childbirth.

A red dragon stands in front of her ready to devour her child; but her son is safely snatched up to God and his paradise. In the ensuing battle between the dragon and the angels in heaven, the dragon is hurled down to earth. In anger it pursues the woman who flees on wings to the wilderness. Then the dragon spews water like river from its mouth to drown the woman in it, but the earth comes to the woman's aid, and swallows the water. Then the dragon gets even more enraged and goes off to fight with the followers of her offspring (Rev. 12.1-17).

The image of whore in Rev, is introduced as "the prostitute who sits by many waters" (Rev.17.l). The kings of the earth have committed adultery with her and the inhabitants of the earth are "intoxicated with the wine of her adultery" (Rev.] 7.2). The woman sits on a scarlet beast, covered with blasphemous names, and has seven heads and ten horns. She is dressed in purple and scarlet and in glittering gold and precious stones. The golden cup in her hand is filled with abominable things and filth of her adultery. She is drunk with the blood of holy people. The name written on her forehead is "Babylon, the Great. The Mother of Prostitutes and of the Abominations of the Earth". (Rev. 17.1-5). The woman is later interpreted as "the great city which rules over the kings of the earth" (Rev. 17. 18).

The Bride is a perfect contrast to the whore-image. The New Jerusalem, the City of God, descends like a "bride adorned for her husband" (Rev.2 1.2). The descent of the bride is accompanied by perfect happiness, no tears, sorrow or pain. The bride is described as "the Lamb's wife" (Rev.21 .9). The wife is the holy city descending from heaven, having the glory of God. "Her light was like a precious stone, like a jasper stone, clear as crystal. Also she had a great and high wall with twelve gates, and twelve angels at the gates, and names written on them, which are the names of the twelve tribes of children of Israel"(Rev.2 1.11,12). The wall of the city had twelve foundations, and the names were those of twelve apostles. The city is measured, and is of pure gold (Rev.2 1.18). Twelve stones and pearls adorn the foundations of the city, and the twelve gates. God was the light of the city. The gates of the city are open forever, only those whose names are written in the Lamb's Book of Life shall enter the gates. The defiled do not have any entry (Rev.2 1.25-27).

The three images move in contrast to one another. The mother symbolises Israel, the bride symbolises the newly chosen people of God or the Christians, and the whore symbolises the City of Rome. The mother is the example of perfect purity and piety. Adela Yarbro Collins in her essay "Feminine Symbolism in The Book of Revelation" opines,

> ......the woman is characterized both by power and by weakness. Her power is manifest in her description as a heavenly being, as cosmic queen, and in her ability to bring forth a child who will be a universal king. Her weakness is evident in her vulnerability to the attacks of the dragon, her inability to protect herself and her chiJd, and her dependency on the outside for the protection and rescue (124).

The persecuted Christians identify themselves easily with such a Mother figure. Like them she is also persecuted. They claim that their names have been written in the Book of Life (Rev.3.5). But they are also vulnerable. Some have been arrested, some killed and martyrdom was not something new for them. The rescue of the woman gives them hope that one day they too will have a rest.

The whore is the most detested at the "mother of all abominations". The judgement which befalls the whore is a clear example of what Marshall calls "sexualised violence" in "Gender and Empire" (32). Vander Stichele in her "Remembering the Whore" remarks, "In accord with what can be seen as the timeless rhetoric of war; the enemy is literally stripped of her humanity and presented as an incarnation of evil" (107). The whore is stripped off her humane qualities when presented as adulterous, mother of harlots and her mouth dripping innocent blood. By the adulterous nature of Rome, John refers to then rampant practice of Roman emperors who indulged in narcissism, and claimed emperor worship. Rev. 18 depicts the trades undertaken by Rome: gold, silver, precious stones, fine linen and purple, silk and scarlet, wood, ivory, bronze, iron, marble, cinnamon, incense, fragrant oil, frankincense, wine, oil, wheat, flour; cattle, sheep, horses, chariots and even bodies of men (Rev. 18.12-13). That is how, according to John, she has committed adultery with many kings (Rev. 18.3). The wealth and association with the kings of the world is what the writer calls "whoring".

The bride is the perfect example of femininity which is for

the writer, to be emulated by the readers. The Christian community is depicted as the bride of Christ. Lynn R. Huber in "Unveiling the Bride: Rev. 19. 1-8 and Roman Social Discourse" says, "Placed in contrast to a negatively construed image of feminine power (the great prostitute of ch. 17), Revelation's bride is the eroticised woman of male fantasy: she is undefiled, silent and ready for her man" (161). The bride is the most docile creature in the whole text and the only woman image granted voice, even if it is a single word, "Come". She stands with the third in the trinity, the Holy Spirit, while uttering the word. The reason for granting her voice maybe because she is silent otherwise, shy and homely, quite the opposite of the whore who is dressed in scarlet, and has committed adultery with the kings of the nations.

According to Huber, the main reason for highlighting the bride image is in the context of the Augustan moral vision of the household in maintaining Roman peace and power (163). The strength of the individual families in maintaining Pax Romana was important. Huber concludes that the imperial discourse provided the prevailing backdrop for other forms of discourse, including that of Christians (164). Depicting Rome as a prostitute, and the Christian community as the bride, John challenges the notion *of domus* (household) of the Roman regime. The writer uses the same patriarchal weapon used by Rome- depicting nations as women- so as to subvert the ideology of Roman familial discourse. The bride in Rev. 21 is the "desirable " woman. *Barbara Rossing in The Choice Between Two Cities: Whore, Bride and Empire in the Apocalypse* notes that Revelation's personification of cities functions as part of rhetoric in Jewish and Greco-Roman literary tradition (164).

The two contrastive women images persuade the audience to align with the desirable woman characterised by her beauty and adornment. In contrast to the whore image, the bride shows the exultation of the strict management of women's sexuality. The whore will be made desolate and naked, and her flesh will be eaten and burnt in fire (Rev. 17.16), whereas the mother is protected in the wilderness (Rev. 12.14), and the bride is offered rest forever, a happy eternity with no tears (Rev.2 1.4). The exultation in the fall of the whore implies that women are prone to such violence on their bodies. On 23 March 2012, "The Hindu" reported that an army official in Bhutan, cut his wife's body into twenty two pieces. The violence on the prostitute's body is an image which stands for the violence which mars women's bodies all over the world.

Jezebel is a woman prophet in the Thyatiran church. She,for the writer, teaches and seduces people to commit sexual immorality and eat food sacrificed to idols. Even though she was given time to repent of her sexual immorality, she did not repent. The punishment is to throw her on the sick-bed, and kill her children (Rev.2.20-23). There is a debate among biblical scholars as to if it is the name of the leader or only a symbolic representation. Jezebel is the name of an Old Testament foreign Queen, King Ahab's wife, who is described as giving orders to murder Israelite prophets (1 Kings. 19,2 1). She is also the one who kills Naboth and acquires his vineyard for her husband in a treacherous plot. The name reminds the readers about a woman who is innately evil and entices her husband into murder and treachery.

Miyon Chung in "Feminist Interpretations ofApocalyptic Symbols" quotes Susan Garrett, a feminist theologian that John purposefully attributed that name to the woman prophet because her prophetic role in the community threatened his authority as the father of the community (117). The writer is in clear terms in contest with the woman leader. Her teaching is a source of beguiling the people, which is why he criticises her. Food is a code associated with uncontrolled sexuality. The whore is also shown with a wine cup and she is drunk with the blood of saints. Pamela Thimmes in her"Teaching and Beguiling my Servants: the Letter to Thyatira (Rev.2. 18-29)" says, "In countless cultures eating is a sexual andgendered experience; gender and eating as well as sex and eating are seen as overlapping metaphors because food is a code, a language that contributes to the organisation of a social world" (83). Jezebel also entices her followers to take part in food sacrificed to the idols. The taking part in food practices is synonymous to the accomodation with Roman social practices, which must be why John is angry with Jezebel. Her gender and her food habits link mercilessly, for the writer. "Sickbed" and woman can signify the division between the religious mindset of purity and impurity. A woman on her sickbed can also signify a woman in her religiously or socially defined "impure" conditions. John clearly tries to draw the line between purity and impurity, holy

**ലേഖനം**

# ആധുനിക കുടുംബം സാമൂഹ്യ പശ്ചാത്തലത്തിൽ

**ഫാ. തോമസ് വർഗീസ്, അമയിൽ**

സമൂഹത്തിന്റെ അടിസ്ഥാന ഘടകം എന്ന വിശേഷിപ്പിക്കുന്ന കുടുംബം അതിസങ്കീർണ്ണങ്ങളായ മാറ്റങ്ങൾക്ക് നടുവിലൂടെയാണ് കടന്നുപോകുന്നത്. ബന്ധങ്ങളെ പരിപോഷിപ്പിക്കുന്ന പാഠശാലകളുടെ നഷ്ടപ്പെടൽ നാം അഭിമുഖീകരിക്കുന്ന കടുത്ത പ്രതിസന്ധിയാണ്. പരമ്പരാഗതമായി നിലനിൽക്കുന്ന ഘടനകളെ ചോദ്യം ചെയ്യുന്ന ഉത്തരാധുനീകതയും, സ്വന്തം കാര്യത്തിൽ മാത്രം ശ്രദ്ധ പതിപ്പിക്കുവാൻ ഉപദേശിക്കുന്ന ആഗോളവൽക്കരണസ്വാധീനവും ഒത്തുചേരുമ്പോൾ കുടുംബം എന്ന സ്വർഗ്ഗീയ പതിപ്പിൽ അപസ്വരങ്ങളും അസ്വസ്ഥതകളും നിറയുന്നു.

വിവാഹബന്ധം രണ്ട് വ്യക്തികൾ തമ്മിലുള്ള ബന്ധം മാത്രമല്ലെന്നും അത് രണ്ടു കുടുംബങ്ങളും രണ്ട് സമൂഹങ്ങളും തമ്മിലുള്ള ബന്ധമാണെന്ന് ആഴമായ തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. കുടുംബത്തിന്റെ ആരോഗ്യം സമൂഹത്തിന്റെ ആരോഗ്യത്തിന്റെ ലക്ഷണമാണ്. കുടുംബത്തിന്റെ ഭദ്രത സഭയുടെ ഭദ്രതയ്ക്ക് അടയാളമാണ്.

'എനിക്ക് ആരും വേണ്ട ഞാൻ ഒറ്റയ്ക്ക് ജീവിച്ചോളാം' എന്ന ചിന്തകൾക്ക് വ്യക്തികൾ കീഴ്പ്പെടുമ്പോൾ നഷ്ടപ്പെടുന്നത് രക്തബന്ധങ്ങളുടെ ഊഷ്മളതയാണ്. വെളിച്ചത്തിന്റെ പോരാളികൾ എന്ന വിഖ്യാതമായ കൃതിയിൽ പൗലോ കൊയ്‌ലോ നമ്മളെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ് 'നമ്മുടെ വിജയം ഒറ്റയ്ക്ക് കൈവരിക്കുവാൻ കഴിയുകയില്ല എന്ന് നാം തിരിച്ചറിയണം.' അതു കൊണ്ട് സ്നേഹിതനോട് അകലമിടാൻ കഴിയുകയില്ലെന്നും നാം തിരിച്ചറിയണം.

ജന്മം കൊണ്ടോ വിവാഹം കൊണ്ടോ പരസ്പരം ബന്ധമുള്ളവരും ഒരേവീട്ടിൽ താമസിക്കുന്നവരുമായ സമൂഹത്തെക്കുറിക്കുവാനാണ് കുടുംബ എന്ന പദം ഉപയോഗിക്കുന്നത്. പഴയ നിയമത്തിൽ സാമ്പത്തീകവും, സാമൂഹ്യവും, മതപരവും, സാംസ്കാരികവുമായ ഏകലക്ഷ്യവുമായി ജീവിക്കുന്നവരുടെ കൂട്ടം എന്നർത്ഥത്തിൽ 'ബൈത്ത്', 'മിസ്പ' എന്ന എബ്രായ പദങ്ങളിലൂടെ കുടുംബത്തെ നിർവചിക്കുന്നത്. പുതിയ നിയമത്തിൽ 'പാട്രിയാ', 'ഓയ്ക്കിയ' എന്നി ഗ്രീക്കു പദങ്ങളിലൂടെ കുടുംബത്തെ ആവിഷ്ക്കരിക്കുന്നു.

ആകാശവും ഭൂമിയും ചാരചരങ്ങളും ദൈവം സൃഷ്ടിച്ചപ്പോൾ മനുഷ്യനെയും ദൈവം കുടുംബമായി സൃഷ്ടിച്ചു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ക്രിസ്തുവിനെ നാഥനും രക്ഷകനുമായി സ്വീകരിച്ചുകൊണ്ട് ജീവിക്കുകയും വളരുകയും ചെയ്യുന്ന കുടുംബമാണ് ക്രിസ്തീയ കുടുംബം. കുടുംബ ജീവിതത്തെ ദൈവീകവും പരിശുദ്ധവും, ദൈവീക സ്ഥാപനവുമായി ഗണിക്കുന്നത് കൊണ്ട് കുടുംബ ജീവിതം എന്ന കൂദാശയെ നിർവ്വചിക്കുവാൻ വി. വേദപുസ്തകത്തിൽ ഉപയോഗിക്കുന്ന ഉപമ 'അവർ ഇരുവരും ഒരു ശരീരമായി തീരും' എന്നതാണ്. പരസ്പരം നിർദ്ദേശങ്ങൾ അംഗീകരിക്കാനും, പ്രതികരിക്കാനും കഴിയുമ്പോൾ ആണ് ശരീരത്തിൽ ജീവൻ തുടിച്ചു നിൽക്കുന്നത്. ജീവൻ നഷ്ടപ്പെടുമ്പോൾ ശരീരം മൃതശരീരമായി മാറ്റപ്പെടും. ശാരീരികമായ സംയോജനം വിവാഹത്തിന് അനിവാര്യമാണ്. അതുകൊണ്ടാണ് വിവാഹത്തിന് കൂദാശ ആവശ്യമായി വരുന്നത്. 'വാനീന്നുടയോൻ കയ്യാൽ പരിശുദ്ധ റൂഹാ എന്ന മകുടം ഇറക്കു

---

and unholy through the symbol of the sickbed.

The writer uses stereotypical images of women, which are binary opposites to expose his desire for a better future and indignation at the gloomy present. The images are symbols which reflect the patriarchal notions of the writer which he manipulates so as to get the message to the readers. The binary opposites restrict the individuality of the women, promotes sexualised violence and exhorts controlled passion of women. The mother is venerated for her bravery, and also appreciated for receding to the background after giving birth to her son who is taken to heaven after the birth. A woman of the private sphere is celebrated, whereas the one who exerts herself in public is demeaned. Jezebel goes outside the parameters of prescribed womanly role when she prophesises in public and teaches differently. The whore celebrates her dominance in the public sphere, while the bride stays within the boundaries. She is the city with opened gates, yet fortified walls. The entry is only for the pure, while the unholy trades with the whore. The indignation of the writer at the present crisis faced by his community is evident, and so is the gender bias. The images of women, which are also symbolic, are placed as binaries which emphasise the sexualised politics of representation.

ന്നത്' ഈ മഹത്തായ ലക്ഷ്യപ്രാപ്തിക്കായിട്ടാണ്. കാരണം മനുഷ്യന് അസാധ്യമായത് സാദ്ധ്യമാക്കുന്നത് ദൈവത്താൽ മാത്രമാണ്.

അതിശീഘ്രം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കുടുംബ പശ്ചാത്തലങ്ങളിലാണ് നാം ജീവിക്കുന്നത്. ആധുനിക മനുഷ്യന്റെ കുടുംബപശ്ചാത്തലങ്ങളിൽ വന്ന മാറ്റങ്ങളെ പ്രതിബിംബിപ്പിക്കാൻ ആണ് അണുകുടുംബം (Nuclear Family) എന്ന പദം ഉപയോഗിച്ചു തുടങ്ങിയത്. കുടുംബത്തിന്റെ അംഗസംഖ്യയിൽ വരുത്തേണ്ടെന്ന കുറവിനെ ആവിഷ്ക്കരിക്കാൻ വേണ്ടിയാണ് ഈ പദം ഉപയോഗിച്ചു തുടങ്ങിയതെങ്കിലും ആധുനിക കുടുംബബന്ധങ്ങളുടെ എല്ലാ സ്വഭാവങ്ങളെയും വിശദീകരിക്കുവാൻ തക്ക അർത്ഥവ്യാപ്തി ആ പദത്തിനുണ്ട്. അണുകുടുംബങ്ങളിൽ എപ്പോഴും അണുവിസ്ഫോടനങ്ങൾക്ക് സാധ്യതയുണ്ട്. പഴയകാല കുടുംബ പശ്ചാത്തലങ്ങളിൽ രക്തബന്ധങ്ങൾ തമ്മിൽ നിരവധി പടയോട്ടങ്ങൾ നടന്നിട്ടുണ്ടെങ്കിലും അനുരഞ്ജനത്തിന്റെ സാദ്ധ്യതകൾ ഇന്നത്തെപ്പോലെ അത്ര അകലെയല്ലായിരുന്നു. അണുവിസ്ഫോടനങ്ങളിലൂടെ പുറത്തു വരുന്ന അണുപ്രസരത്തിന്റെ വർഷങ്ങളോളം നീണ്ടുനിന്ന (Half Life Period) മാരകങ്ങളായ അപകടങ്ങളെ സൃഷ്ടിക്കുന്നതാണ്. ഏതാണ്ടിതുപോലെ തന്നെയാണ് നമ്മുടെ അണുകുടുംബങ്ങളിലെ പൊട്ടിത്തെറികൾ.

വലിയ കുടുംബമെന്ന സങ്കല്പത്തിൽ നിന്ന് ചെറിയ കുടുംബത്തിലേക്ക് നാം വഴുതി മാറിയപ്പോൾ ഉണ്ടായ അംഗസംഖ്യയുടെ കുറവുകൊണ്ട് പഴയകാലത്തിൽ നിന്നും വ്യത്യസ്തമായി അണു കുടുംബങ്ങളിൽ പ്രതിസന്ധിയുടെ തോത് കുറയേണ്ടതാണ്. എന്നാൽ അണുകുടുംബങ്ങളുടെ പ്രശ്നവും പ്രതിസന്ധികളും അന്തമില്ലാതെ നീളുന്നു എന്നുള്ളത് കൗതുകകരമാണ്. ഭാവിയെ പ്പറ്റിയുള്ള അമിത ഉത്കണ്ഠകളും പ്രതീക്ഷകളും വിട്ടുവീഴ്ചയില്ലായ്മയും മാത്സര്യ ബുദ്ധിയും അണുകുടുംബത്തിന്റെ പ്രത്യേകതകളാണ്.

പ്രതീക്ഷയുടെ വലിയ ഭാണ്ഡങ്ങളും പേറി വളർത്തപ്പെടുന്ന അണുകുടുംബ മക്കളുടെ നിഘണ്ടുവിൽ പരാജയം എന്ന പദമില്ല. പുതിയ തലമുറയ്ക്ക് പരാജയങ്ങളുടെ വേദന ഉൾക്കൊള്ളാനുള്ള മാനസിക പക്വത നഷ്ടപ്പെടുന്നു എന്നാണ് പഠനങ്ങളും കണക്കുകളും സൂചിപ്പിക്കുന്നത്. തന്റെ കുഞ്ഞുങ്ങൾക്ക് ഒരു നേരത്തെ ആഹാരം എങ്ങനെ കൊടുക്കണമെന്നറിയാതെ ഭാരപ്പെടുകയും എന്നാൽ അതിനെ ആത്മവിശ്വാസത്തോടെ നേരിടുകയും ചെയ്ത പഴയകാല പിതാക്കൻമാരുടെ പുതിയ തലമുറ പരീക്ഷയ്ക്ക് ഒരു മാർക്ക് കുറഞ്ഞതിന്റെ പേരിൽ, മമ്മി തല്ലിയതിന്റെ പേരിൽ, പോക്കറ്റ് മണി കുറഞ്ഞതിന്റെ പേരിൽ ആത്മഹത്യ ചെയ്യുന്നു. ബ്രോയിലർ ചിക്കൻ കഴിച്ചു വളരുന്നവന്റെ മാനസിക പക്വത ഏതാണ്ട് ബ്രോയിലർ അവസ്ഥയിൽ തന്നെയാണ്.

ഡിഗ്രിയുടെയും സ്റ്റാറ്റസുകളുടെയും പിന്നെ ഒരുപിടി പൊങ്ങച്ചങ്ങളുടെയും ലോകത്താണ് അണുകുടുംബങ്ങളുടെ ദൈനംദിന കർമ്മപരിപാടികൾ വികസിക്കുന്നത്. ഫിക്സഡ് ഡിപ്പോസിറ്റുകളുടെ പിൻബലത്തിൽ ഫ്ളാറ്റുകളിൽ ചേക്കേറുന്ന അണുകുടുംബത്തിന്റെ ഏറ്റവും പുതിയ പതിപ്പുകൾക്ക് ഒരു കട്ടൻ കാപ്പി കുടിക്കണമെങ്കിൽ പോലും വല്ലവരെയും ആശ്രയിക്കേണ്ടി വരുന്ന ഗതികേടാണ്. ഹോം നേഴ്സുമാരും, വേലക്കാരും, പിന്നെ ഹോട്ടലുകാരും, പണിമുടക്കിയാൽ പട്ടിണിമരണങ്ങളുടെ എണ്ണം ഇനിയും ഇവിടെ കൂടും.

ഖലീൽ ജിബ്രാൻ തന്റെ 'പ്രവാചകൻ' എന്ന കൃതിയിൽ ഒരു കല്പ്പണിക്കാരനു നൽകുന്ന ഉപദേശം ഇങ്ങനെയാണ്. 'നിങ്ങളുടെ ഭവനങ്ങളിൽ എന്താണുള്ളത്? വാതിലുകൾ ഭദ്രമായി ബന്ധിച്ച് നിങ്ങൾ എന്താണ് കാത്തുസൂക്ഷിക്കുന്നത്?'

നിങ്ങൾക്ക് ശാന്തിയുണ്ടോ? നിങ്ങൾക്ക് മധുരിക്കുന്ന സ്മരണകളുണ്ടോ? ജീവിതം ഒന്നേയുള്ളുവെന്നും ഈ ജീവിതത്തിൽ സന്തോഷിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് ജീവിതമെന്ന് നമ്മൾക്ക് നമ്മുടെ മനസ്സാക്ഷിയോട് ചോദിക്കാം.

**ആധുനിക കുടുംബ പ്രതിസന്ധികൾ : ചില നിരീക്ഷണങ്ങൾ**

(a) സാക്ഷാത്കരിക്കപ്പെടാനാവാത്ത സ്വപ്നങ്ങൾ (Unreal dreams)

പ്രായോഗിക കുടുംബ ജീവിതത്തിൽ വിജയിപ്പിച്ച് എടുക്കാൻ കഴിയാത്ത സ്വപ്നങ്ങളുമായി ജീവിക്കുന്നവർ ധാരാളമാണ്. മാധ്യമങ്ങൾ ഊതിപ്പെരുപ്പിച്ച ഇത്തരം നടക്കാത്ത സ്വപ്നങ്ങളുടെ പൂർത്തീകരണത്തിനായി ദാഹിച്ച് ബലിയാടുകൾ ആക്കപ്പെട്ടവർ നിരവധിയാണ്.

(b) പക്വമായ വ്യക്തിത്വ വികാസത്തിന്റെ അഭാവം (Lack of personal maturity nd personality development)

വിവാഹത്തെ മാനസികമായി കൈകാര്യം ചെയ്യാനുള്ള മാനസിക പക്വതയില്ലാതെ സാമ്പത്തികകാര്യം മാത്രം നോക്കിയും, മാതാപിതാക്കളുടെ ഇഷ്ടം നിറവേറ്റുവാനും, മകന്റെ സ്വഭാവം നന്നാക്കുവാനും ഒക്കെ വിവാഹം മാധ്യമമാകുമ്പോൾ നമുക്കുചുറ്റും തകരുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുന്നു.

(c) ദൈനംദിനകാര്യ പരിപാലന സമ്മർദ്ദം (Tension around the daily duty chart)

ഭാര്യഭർത്താക്കൻമാർ ജോലിക്കു പോകുന്ന പുതിയ അന്തരീക്ഷത്തിൽ തുല്യ ഉത്തരവാദിത്വം നഷ്ടപ്പെടുത്തി അധീശത്വ മനോഭാവങ്ങൾ വളരുമ്പോൾ അത് കുടുംബങ്ങളിൽ അസ്വസ്ഥതകൾ വിതറുന്നു. അടുക്കളയിൽ കയറുന്നത് കുറച്ചിലാണ് എന്ന പുരുഷധാരണകളും ഞാനും സമ്പാദിക്കുന്നവൾ ആണ് എനിക്കും വേണം വിശ്രമ ജീവിതം എന്ന സ്ത്രീധാരണയും തമ്മിൽ പലപ്പോഴും ഏറ്റുമുട്ടാറുണ്ട്. അത് കുടുംബ ഭദ്രതയെ താറുമാറാക്കുകയും ചെയ്യുന്നു.

(d) അനുകരണ ഭ്രമം (Preassure created by imitation tendency)

മറ്റുള്ളവയിലേക്കും, മറ്റുള്ളവരിലേക്കും നോക്കാനുള്ള ആധുനിക മനുഷ്യന്റെ ത്വര കൂടുതൽ ശക്തമാണ്. പൗരസ്ത്യ സംസ്കാരത്തിന്റെ പവിത്രമായ കുടുംബ സങ്കല്പങ്ങൾ തിരസ്ക്കരിച്ച് പാശ്ചാത്യ സംസ്കാരത്തിന്റെ പച്ചപ്പരിഷ്ക്കാരങ്ങളോടുള്ള അന്ധമായ അനുകരണങ്ങൾ നമുക്ക് ചുറ്റും കൂടുതൽ ശക്തമാകുന്നു. Co-habitation, open marriage, mate swaping, എന്ന് തുടങ്ങിയ പദങ്ങൾ ഈ പുതിയ അനുകരണങ്ങൾ വിതയ്ക്കുന്ന ദുരന്തങ്ങൾ ആണ്.

(e) വിജയത്തിനായുള്ള ദാഹം (Thirst for success)

വിട്ടുവീഴ്ചകളെ തോൽവിയായി ഗണിക്കുന്ന സമീപനം കൂടുതലായി വളരുന്നത് മൂലം എങ്ങനെയെങ്കിലും ജയിക്കണം എന്നത് മത്രമാണ് നമ്മുടെ സമൂഹത്തിന്റെ ലക്ഷ്യം. ഈ വിജയത്തിനായി നാം കൊടുക്കുന്ന വില അനാഥമാകുന്ന കുഞ്ഞുങ്ങൾ, തകർക്കപ്പെടുന്ന കുടുംബാന്തരീക്ഷങ്ങൾ, മരീചികയായി മാറുന്ന സമാധാനം ഇവയൊക്കെയാണ്.

**കുടുംബ ഭദ്രതയ്ക്കുള്ള ചില പ്രമാണങ്ങൾ**

**1. വ്യക്തികൾ വ്യത്യസ്തരാണെന്ന് അംഗീകരിക്കുക.**

'എല്ലാവരും എന്നെപ്പോലെ ചിന്തിക്കണ'മെന്നുള്ള പിടിവാശി കുടുംബ ഭദ്രത നിലനിർത്തുകയില്ല. എന്റെ ശീലങ്ങൾ മാറില്ല, വേണമെങ്കിൽ നിന്റെ ശീലങ്ങൾ മാറ്റിക്കോ, അല്ലെങ്കിൽ മാറ്റിക്കും എന്ന ധാർഷ്ട്യം വെടിഞ്ഞ് പരസ്പരം അംഗീകരിക്കുവാൻ കഴിഞ്ഞാൽ കുടുംബഭദ്രത സംരക്ഷിക്കുവാൻ കഴിയും.

**2. നമ്മോടു തന്നെയുള്ള സത്യസന്ധത**

സുതാര്യമായ പങ്കുവയ്ക്കലുകളുടെ അഭാവം ആണ് ആധുനിക കുടുംബ ബന്ധങ്ങളുടെ തകർച്ചയ്ക്ക് പ്രധാന കാരണം. കുടുംബ ജീവിതത്തിലൂടെ കൈമാറേണ്ടുന്ന സന്ദേശങ്ങൾ ഇന്ന് സംശയത്തിന്റെയും അവിശ്വസ്തതയുടേയുമൊക്കെ അവസ്ഥകളിൽ കുരുങ്ങിക്കിടക്കുന്നു. ഞാൻ നന്നായില്ലെങ്കിലും എന്റെ മക്കൾ നന്നാകണം എന്ന നിലപാട് ആണ് പലർക്കും. എന്നാൽ ഞാൻ നന്നായാൽ മാത്രമേ എന്റെ തലമുറകളും നന്നാകൂ എന്ന കാഴ്ചപ്പാടിലേക്ക് വളരുമ്പോൾ നമ്മോട് തന്നെയുള്ള സത്യസന്ധത കുടുംബഭദ്രതയ്ക്ക് പ്രചോദനമാകും.

**3. സ്വന്തം പ്രവൃത്തികളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുക**

കുടുംബ ജീവിതത്തിലെ വിജയങ്ങളുടെ മുഴുവൻ അവകാശങ്ങളും സ്വന്തമാക്കുകയും പരാജയങ്ങളുടെ മുഴുവൻ ഉത്തരവാദിത്തങ്ങളും പങ്കാളിയുടെമേൽ കെട്ടിയേൽപ്പിക്കുകയും ചെയ്യുന്ന പ്രവണത ഇപ്പോൾ വളരെ ശക്തമാണ്. സത്യത്തിന്റെ ചെറിയ കഷണം മാത്രം എന്റെ പക്കലുള്ളപ്പോൾ സത്യം മുഴുവൻ കൈവശമുണ്ടെന്ന് നടിക്കുന്നത് എത്രയോ വിഡ്ഢിത്തമാണ് എന്ന് നാം തിരിച്ചറിയണം. നമ്മിൽ ഭൂരിപക്ഷവും തർക്കിക്കുന്നത് യഥാർത്ഥ പ്രശ്നങ്ങളെ സംബന്ധിച്ച് അല്ല. വസ്ത്രങ്ങൾക്ക് കൂടുതൽ പണം ചെലവഴിക്കുന്ന ഭാര്യയെപ്പറ്റി ഭർത്താവ് പരാതിപ്പെടുമ്പോൾ ഭാര്യ അതിനെ നേരിടുന്നത് ഭർത്താവിന്റെ നോട്ടക്കുറവും, കെടുകാര്യസ്ഥതയും, സമയമില്ലായ്മയും ഒക്കെ ഉന്നയിച്ചുകൊണ്ടാണ്. ഇവിടെ നമ്മൾക്ക് പ്രിയം സ്കോർബോർഡാണ്. പരസ്പരം പഴിചാരാതെ സ്വന്തം പ്രവൃത്തികളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുക എന്നത് കുടുംബഭദ്രതയുടെ വിജയമന്ത്രമാണ്.

**4. അപകർഷതാബോധം കുറയ്ക്കുക**

എല്ലാ മനുഷ്യരുടെയും ഉള്ളിൽ അപകർഷതാ ബോധത്തിന്റെ കനലുകൾ ഉണ്ട്. നമ്മുടെ ജീവിത്തിൽ ഉണ്ടാകുന്ന നിഷേധാത്മക സന്ദേശങ്ങളുടെ (Negative Messages) ആധിക്യത്താൽ നാം തന്നെ നമ്മുടെ ഉള്ളിൽ ഈ സ്വയം പ്രതിരോധാത്മക പ്രക്രിയകളെ (Ego Defence Machanism) വളർത്തിയെടുക്കുന്നു. (1) Compensation (എന്നെയാരും ഒന്നും പഠിപ്പിക്കണ്ട. തന്റെ സംശയങ്ങളെ ഒളിപ്പിച്ചു വയ്ക്കാനാണ് ഇങ്ങനെ പറയുന്നത്), (2) Displacement (ഭർത്താവിന്റെ സ്നേഹത്തിനെക്കുറിച്ചു ദാഹിക്കുന്ന സ്ത്രീ അതു പറയാതെ മറ്റുപലതിനെക്കുറിച്ചും ഭർത്താവിനെ കുറ്റപ്പെടുത്തുന്നത്), (3) Projection (പരസ്പരം പഴിചാരുന്നു), (4) Rationalisation (എന്റെ തെറ്റുകൾക്ക് നീതീകരണം കണ്ടെത്തുന്നു) തുടങ്ങിയ കാരണങ്ങൾ ഈ സ്വയം പ്രതിരോധ പ്രക്രിയയുടെ ലക്ഷണമാണ്. അപകർഷതാബോധംകുറച്ച് പരസ്പരം അറിയുക എന്നത് കുടുംബ ഭദ്രതയ്ക്ക് അനിവാര്യമാണ്.

**5. ആശയ വിനിമയത്തിലെ വിടവുകൾ അടയ്ക്കുക**

പങ്കാളിയുടെ മനസ്സ് വായിച്ചെടുക്കാനുള്ള മാനസിക ഐക്യം നഷ്ടപ്പെടുന്നതു കൊണ്ട് , പങ്കാളി ഉദ്ദേശിച്ചത് ഇന്നതായിരിക്കും എന്ന് നാം ഊഹിക്കുകയും നിഗമനം നടത്തുകയും ചെയ്യുന്നു. ഇത്തരം നിഗമനങ്ങൾ പലപ്പോഴും കുടുംബങ്ങളിൽ വൈകാരിക സംഘട്ടനങ്ങൾ സൃഷ്ടിക്കും. ഊഹാപോഹങ്ങൾക്കും അനുമാനങ്ങൾക്കും അവധികൊടുത്ത് പരസ്പരം തുറന്നു സംസാരിക്കുക എന്നതാണ് കുടുംബഭദ്രതയ്ക്ക് അനിവാര്യം.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. (100 ഡോളർ) |

RNI No. KERMAL/2012/46014 Date of Publication 15-05-2016 Licence No. KL/CR/ALU/WPP-04/2016-18
Reg. No. KL/ALU/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment



## പ്രകാശനം ചെയ്തു

പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിലെ ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 'നുഹ്റൊ' (വെളിച്ചം) എന്ന പ്രസിദ്ധീകരണത്തിന്റെ ആദ്യലക്കം പുറത്തിറങ്ങി. ഇടവകാംഗങ്ങളുടെ കൂട്ടായ്മയെ പരിപോഷിപ്പിക്കുന്നതിനും യുവജനങ്ങളുടെ സർഗ്ഗശേഷി വളർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് നുഹ്റൊ. 2016 മെയ് 1 ഞായറാഴ്ച വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന യോഗത്തിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആശ സനൽ ഇതിന്റെ പ്രകാശന കർമ്മം നിർവ്വഹിച്ചു. പാലക്കുഴ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ സലി ജോർജ്ജ് ആദ്യപ്രതി ഏറ്റുവാങ്ങി. വികാരി ഫാ. ഷിബു കുര്യൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ഉലഹന്നാൻ ഏറാടികുന്നേൽ, ജയ സണ്ണി, യുവജന പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി അഡ്വ. ജമറിൻ റ്റി. ഈപ്പൻ, യൂണിറ്റ് സെക്രട്ടറി സുബിനോ സി. രാജൻ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് ഇടവകയിൽ നിന്നും നൽകുന്ന ഭവനനിർമ്മാണ സഹായഫണ്ട് പള്ളി ട്രസ്റ്റിമാരായ മത്തായി പുത്തിരിക്കൽ, മത്തായി കാപ്പിൽ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. രാവിലെ നടന്ന വി. കുർബ്ബാനയ്ക്കും പെരുന്നാൾ ശുശ്രൂഷകൾക്കും ഫാ. ഉലഹന്നാൻ ഏറാടികുന്നേൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## വാർഷിക സമ്മേളനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജത്തിന്റെ വാർഷിക പൊതുയോഗം 2016 മെയ് 18-ാം തീയതി ബുധനാഴ്ച പെരിയാമ്പ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ ചേരുന്നതാണ്. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് ആദ്ധ്യക്ഷം വഹിക്കും.

## വിദ്യാർത്ഥി നേതൃത്വ ക്യാമ്പ് നടന്നു

X, XI, XII എന്നീ സ്റ്റാന്റേർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരു നേതൃത്വ പരിശീലനക്യാമ്പ് പാമ്പാക്കുടയിലെ സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്ററിൽ വച്ച് 2016 ഏപ്രിൽ 24, 25 തീയതികളിൽ നടന്നു. 24-ാം തീയതി വൈകുന്നേരം 6 മണിക്ക് സന്ധ്യാനമസ്ക്കാരത്തോടെ ക്യാമ്പ് ആരംഭിച്ചു. സന്തുല ടീമിന്റെ നേതൃത്വത്തിലായിരുന്നു ഐസ്ബ്രേക്കിംഗ് പരിപാടി. ടീം ക്യാപ്റ്റൻ ഫാ. എഡ്വേർഡ് ജോർജ്ജ് 'ഒരു നല്ല നേതാവാകുന്നതെങ്ങനെ' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. സന്തുല ട്രസ്റ്റ് ആശുപത്രി ഡയറക്ടറും മുഖ്യ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ അദ്ദേഹത്തിന്റെ ക്ലാസ്സ് ഏറെ വിജ്ഞാനപ്രദവും കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതുമായിരുന്നു.

25-ാം തീയതി രാവിലെ 6.30 ന് പ്രഭാതപ്രാർത്ഥനയും തുടർന്ന് ധ്യാനവും നടന്നു. അതിനുശേഷം നടന്ന ക്ലാസ്സ് ഫാ. റെജി ജോണിന്റേതായിരുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളേയും ആഴത്തിൽ സ്പർശിച്ചുകൊണ്ടുള്ള ബഹു. അച്ചന്റെ ക്ലാസ്സ് അത്യന്തം പ്രയോജനപ്രദമായിരുന്നു. ദൈവവും മനുഷ്യനുമായുള്ള ബന്ധം, പ്രായോഗിക പരിജ്ഞാനത്തിന്റെ പ്രാധാന്യം, എങ്ങനെ ഫലപ്രദമായി പഠിക്കാം, ജീവിത മൂല്യങ്ങൾ, സന്മാർഗ്ഗ ജീവിതം, കരിയർ ഗൈഡൻസ് മുതലായ വിഷയങ്ങളെല്ലാം അദ്ദേഹം അതിവിദഗ്ദ്ധമായി കൈകാര്യം ചെയ്തു. എഞ്ചിനിയറിംഗ്, മെഡിസിൻ എന്നിവ കൂടാതെ കേരളത്തിൽ പഠിക്കാവുന്ന അനേകം പുതിയ കോഴ്സുകളെ അദ്ദേഹം ക്യാമ്പ് അംഗങ്ങൾക്കു പരിചയപ്പെടുത്തി. ക്യാമ്പ് സംബന്ധിച്ച് അതിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും തികഞ്ഞ മതിപ്പാണ് തോന്നിയതെന്ന് അവരുടെ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അവരുടെ ആവശ്യപ്രകാരം അടുത്ത ഓണാവധിക്കാലത്ത് ഒരു ത്രിദിന പഠനക്യാമ്പ് സമന്വയയിൽ വച്ചു നടത്തുവാൻ തീരുമാനമായിട്ടുണ്ട്.

## വിദ്യാർത്ഥിനികൾക്കായി ഒരു ക്യാമ്പ്

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ X, XI, XII സ്റ്റാന്റേർഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്കുമാത്രമായി ഒരു നേതൃത്വ പരിശീലനക്യാമ്പ് പാമ്പാക്കുടയിലെ സമന്വയയിൽ വച്ച് 2016 മെയ് 20, 21, 22 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടക്കുന്നതാണ്. ഫാ. ജെറി ജോൺ ക്യാമ്പിന് നേതൃത്വം നൽകും. ഓരോ ഇടവകയിൽ നിന്നും ഒന്നോ രണ്ടോ പേർക്ക് മുൻകൂട്ടി പ്രവേശനം രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ഡയോസിസൻ ബുക്ക് സെന്റർ

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha